# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്




## തിരുവനന്തപുരം–കന്യാകുമാരി റെയിൽ പാത വികസനം

### നേമം–നെയ്യാറ്റിൻകര ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണം

**SIA UNIT**

PLANET KERALA
Participatory Learning and Action Network


പ്ലാനറ്റ് കേരള
റ്റി. സി.– 8/1378 (8) ശ്രീബാബ ലൈൻ
വലിയവിള, തിരുമല. പി.ഒ
തിരുവനന്തപുരം–695006
കേരള, ഇന്ത്യ,
#+91-471-2368188 (ഓഫീസ്)
#+91-9447545598 (മൊബൈൽ)
ഇമെയിൽ: 2001planet@gmail.com
വെബ്: www.planetkerala.org


കരട് റിപ്പോർട്ട്

**14 നവംബർ 2022**

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | നേമം–നെയ്യാറ്റിൻകര ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി |
| സംസ്ഥാനം | : | കേരളം |
| ജില്ല | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| റവന്യൂ വില്ലേജ് | : | പള്ളിച്ചൽ, നെയ്യാറ്റിൻകര |
| തദ്ദേശ സ്ഥാപനം | :<br>: | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്<br>നെയ്യാറ്റിൻകര (മുനിസിപ്പാലിറ്റി) |
| ഉൾപ്പെടുന്ന വാർഡുകൾ | : | |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ആർ) | : | 0. 4935 ഹെക്ടർ |
| ആഘാത ബാധിതമായ കുടുംബങ്ങളുടെ എണ്ണം | : | |
| സർവ്വേ നമ്പറുകളുടെ എണ്ണം | : | |
| അർഥനാധികാരി | : | ഡെപ്യൂട്ടി ചീഫ് എൻജിനീയർ<br>സതേൺ റെയിൽവേ, തിരുവനന്തപുരം |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസിൽദാർ (എൽ.എ)<br>റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം |
| സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് | : | പ്ലാനറ്റ് കേരള<br>തിരുവനന്തപുരം |
| 4 (1) വിജ്ഞാപന നമ്പർ, തിയ്യതി | : | വാല്യം 11 നമ്പർ 3082<br>തിയ്യതി 13 സെപ്റ്റംബർ 2022 |
| പഠനം ആരംഭിച്ച തിയ്യതി | : | 18 സെപ്റ്റംബർ 2022 |
| കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ച തിയ്യതി | : | 14 നവംബർ 2022 |
| പബ്ലിക് ഹിയറിംഗ് തിയ്യതി | : | 29 നവംബർ 2022 |
| പഠനം പൂർത്തിയാക്കിയ തിയ്യതി | : | |
| റിപ്പോർട്ട് സമർപ്പിച്ച തിയ്യതി | : | |

## സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.

ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013 ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2022 സെപ്റ്റംബർ 13ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 11 നമ്പർ 3082 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/ എഫ്.ഒ.ബി നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതമായ പ്രദേശത്ത് പ്ലാനറ്റ് കേരള നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. 2013 ലെ 30ാം നമ്പർ കേന്ദ്ര നിയമവും, 2015 ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച്, വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് 2022 നവംബർ 14 ന് പ്രസിദ്ധീകരിക്കുകയും, കരട് റിപ്പോർട്ടിൻമേലുള്ള ചർച്ചകൾക്കും, തിരുത്തലുകൾക്കും, കൂട്ടിച്ചേർക്കലുകൾക്കുമായി 2022 നവംബർ 29ാം തിയ്യതി പബ്ലിക് ഹിയറിംഗ് നടത്തുകയും ലഭ്യമായ നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച നെയ്യാറ്റിൻകര നഗരസഭ കൗൺസിലർമാർ, പള്ളിച്ചൽ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, റവന്യൂ, സതേൺ റെയിൽവേ, തിരുവനന്തപുരം ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ പഠന റിപ്പോർട്ട് സമർപ്പിക്കുന്നു.

ആന്റണി കുന്നത്ത്
ചെയർമാൻ,
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്
പ്ലാനറ്റ് കേരള, തിരുവനന്തപുരം.

## പദ്ധതി പ്രദേശത്തിന്റെ രേഖാ ചിത്രം

**ഉള്ളടക്കം**


| | | |
|---|---|---|
| **അധ്യായം – 1 ആമുഖം** | | |
| 1.1 | പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും | 1 |
| 1.2 | പദ്ധതി പ്രദേശം | 3 |
| 1.3 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | 3 |
| 1.4 | ബദൽ സാധ്യതകൾ | 4 |
| 1.5 | സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും | 5 |
| 1.6 | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | 5 |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| 2.1 | പദ്ധതിയുടെ പശ്ചാത്തലം | 9 |
| 2.2 | പദ്ധതിയുടെ അടിസ്ഥാനം | 10 |
| 2.3 | പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം | 11 |
| 2.4 | നിർമ്മാണ ഘട്ടങ്ങൾ | 12 |
| 2.5 | നിർമ്മാണത്തിന്റെ സവിശേഷതകൾ | 12 |
| 2.6 | അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത | 13 |
| 2.7 | തൊഴിലാളികളുടെ ആവശ്യകത | 13 |
| 2.8 | മുമ്പ് നടത്തിയ പഠനങ്ങൾ | 13 |
| 2.9 | ഉപയുക്തമായ നയങ്ങളും, നിയമങ്ങളും | 13 |
| **അദ്ധ്യായം – 3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും** | | |
| 3.1 | പശ്ചാത്തലം | 15 |
| 3.2 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും<br>സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | 15 |
| 3.3 | ഡെസ്ക് റിസേർച്ച് | 17 |

| | | |
|---|---|---|
| 3.4 | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | 17 |
| 3.5 | ദ്വിതീയ വിവര ശേഖരണം | 18 |
| 3.6 | പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും | 18 |
| 3.7 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം | 19 |
| 3.8 | സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും | 20 |
| 3.9 | സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും | 20 |
| 3.10 | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | 20 |
| 3.11 | പഠനത്തിന്റെ പരിമിതികൾ | 22 |
| **അദ്ധ്യായം – 4 ഭൂനിർണ്ണയം** | | |
| 4.1 | പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | 23 |
| 4.2 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി | 24 |
| 4.3 | പൊതു സ്ഥലത്തിന്റെ ഉപയോഗം | 26 |
| **അദ്ധ്യായം – 5 മൂല്യനിർണ്ണയം** | | |
| 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | 27 |
| 5.2 | ഭൂഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 27 |
| 5.3 | മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | 28 |
| 5.4 | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | 28 |
| 5.5 | ഉൽപ്പാദനക്ഷമമായ ആസ്തികൾ | 28 |
| 5.6 | വരുമാനദായകമായ മുതലുകളുടെ സ്ഥിതിവിവരം | 29 |
| **അദ്ധ്യായം – 6 സാമൂഹ്യ സാമ്പത്തീക അവസ്ഥ** | | |
| 6.1 | ജനസംഖ്യ വിവരങ്ങൾ | 30 |
| 6.2 | വരുമാനവും, സാമ്പത്തീകാവസ്ഥയും | 32 |

| | | |
|---|---|---|
| 6.3 | ദുർബല വിഭാഗങ്ങൾ | 34 |
| 6.4 | ഭൂവിനിയോഗവും ഉപജീവനവും | 34 |
| **അദ്ധ്യായം – 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ** | | |
| 7.1 | രൂപരേഖയും, സമീപനങ്ങളും | 35 |
| 7.2 | പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 35 |
| 7.3 | വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും | 36 |
| 7.4 | പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ | 41 |
| 7.5 | സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും | 41 |
| **അദ്ധ്യായം – 8 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന** | | |
| 8.1 | സ്ഥാപന ഘടനയും, ഉദ്യോഗസ്ഥരും | 44 |
| **അദ്ധ്യായം – 9 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം – ബജറ്റ്** | | |
| 9.1 | പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ് | 46 |
| 9.2 | വാർഷിക ബജറ്റും, കർമ്മ പദ്ധതികളും | 46 |
| 9.3 | സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും | 46 |
| **അദ്ധ്യായം – 10 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും** | | |
| 10.1 | സംസ്ഥാന തലം | 47 |
| 10.2 | ജില്ലാ തലം | 47 |
| **അദ്ധ്യായം – 11 ചെലവുകളേയും, പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും** | | |
| 11.1 | അന്തിമ വിശകലനം | 48 |
| 11.2 | ആഘാതബാധിതതരുടെ പ്രധാന നിർദ്ദേശങ്ങൾ | 50 |
| 11.3 | ശുപാർശകൾ | 51 |

## പട്ടികകളുടെ വിവരം


| പട്ടികകൾ | | |
|---|---|---|
| പട്ടിക 1.1 | സർവ്വേ നമ്പർ/ഭൂഉടമസ്ഥർ എണ്ണം | 4 |
| പട്ടിക 3.1 | പഠന വിലയിരുത്തൽ സംഘം | 18 |
| പട്ടിക 3.2 | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ | 19 |
| പട്ടിക 4.1 | ആഘാതബാധിത സ്ഥലത്തിന്റെ വിവരങ്ങൾ | 24 |
| പട്ടിക 4.2 | ആഘാതബാധിതർ ലൊക്കേഷൻ തിരിച്ച് | 24 |
| പട്ടിക 4.3 | ആഘാതബാധിതർ വാർഡ് തിരിച്ച് | 25 |
| പട്ടിക 4.4 | ആഘാതബാധിതർ സർവ്വേ നമ്പർ തിരിച്ച് | 25 |
| പട്ടിക 4.5 | ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ | 26 |
| പട്ടിക 5.1 | ബാധിക്കുന്ന വസ്തുവഹകൾ എണ്ണം | 27 |
| പട്ടിക 5.2 | ഉടമസ്ഥാവകാശത്തിന്റെ കാലയളവ് | 27 |
| പട്ടിക 5.3 | അവകാശ സ്വഭാവം | 28 |
| പട്ടിക 5.4 | വരുമാനദായകമായ മുതലുകളുടെ നഷ്ടം | 29 |
| പട്ടിക 6.1 | ജനസംഖ്യ വയസ്സ് തിരിച്ച് | 30 |
| പട്ടിക 6.2 | മതവിഭാഗം | 30 |
| പട്ടിക 6.3 | സാമൂഹ്യ വിഭാഗം | 31 |
| പട്ടിക 6.4 | വിവാഹസ്ഥിതി | 31 |
| പട്ടിക 6.5 | കുടുംബ ഘടന | 31 |
| പട്ടിക 6.6 | വിദ്യാഭ്യാസ നിലവാരം | 32 |
| പട്ടിക 6.7 | പൊതുവിതരണ സംവിധാനം തരംതിരിവ് | 32 |
| പട്ടിക 6.8 | കുടുംബത്തിന്റെ മാസവരുമാനം | 32 |
| പട്ടിക 6.9 | വരുമാന മാർഗ്ഗങ്ങൾ | 33 |
| പട്ടിക 6.10 | പ്രതിമാസ ചെലവ് | 33 |
| പട്ടിക 6.11 | വായ്പാ വിവരങ്ങൾ | 33 |
| പട്ടിക 7.1 | വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം | 35 |
| പട്ടിക 7.2 | സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും | 37 |
| പട്ടിക 7.3 | ഏറ്റെടുക്കേണ്ട ഭൂമിയിലെ വസ്തുവഹകൾ സംബന്ധിച്ച വിവരങ്ങൾ | 38 |
| പട്ടിക 7.4 | പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | 43 |
| പട്ടിക 7.5 | പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | 43 |
| പട്ടിക 7.6 | പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം–ഉടമസ്ഥൻ | 43 |
| പട്ടിക 11.1 | പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | 49 |

**അനുബന്ധം**


| | | |
|---|---|---|
| 1 | 4 (1) വിജ്ഞാപനം | 52 |
| 2 | സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണ ചോദ്യാവലി | 56 |
| 3 | ആഘാത ബാധിതരായ ഉടമസ്ഥരുടെ വിവരങ്ങൾ അടങ്ങിയ പട്ടിക | 62 |
| 4 | ആഘാതബാധിതമായ കുടുംബങ്ങളുടെ നിർദ്ദേശങ്ങൾ/ആഘാതത്തിന്റെ തോത് | 65 |
| 5 | പബ്ലിക് ഹിയറിംഗ് നോട്ടീസിന്റെ കോപ്പി | 69 |
| 6 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പത്രക്കുറിപ്പുകൾ | 72 |
| 7 | പബ്ലിക് ഹിയറിംഗ് പ്രോഗ്രാം | 74 |
| 8 | 11-08-2022 ലെ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, എസ്.ഐ.എ. പ്രതിനിധികൾ മുതലായവർ) | 75 |
| 9 | 11-08-2022 ലെ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ (ഉടമസ്ഥർ, പൊതുജനങ്ങൾ) | 76 |
| 10 | 11-08-2022 ലെ പബ്ലിക് ഹിയറിംഗ് റിപ്പോർട്ട് | 79 |
| 11 | ഫോട്ടോകൾ | 84 |

# അധ്യായം – 1

## ആമുഖം

### 1.1 പദ്ധതിയും സാമൂഹ്യ പ്രത്യാഘാതവും പൊതു ആവശ്യവും

സതേൺ റയിൽവേ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, തിരുവനന്തപുരം അർത്ഥനാധികാരിയായും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയാണ് തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി. നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന വ്യത്യസ്ത സർവ്വേ നമ്പറുകളിലായി ഏകദേശം 0.0122 ഹെക്ടർ ഭൂമിയും, ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 0.4813 ഹെക്ടർ ഭൂമിയും ചേർന്ന് ആകെ 0.4935 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര അസംബ്ലി നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭയിലെ വഴുതൂർ എന്ന സ്ഥലവും, ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുതുവള്ളൂർകോണം എന്ന സ്ഥലവുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

സതേൺ റെയിൽവേയുടെ ഭാഗമായുള്ള തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, ട്രെയിൻ ഗതാഗതത്തോടൊപ്പം പ്രദേശത്തെ ജനങ്ങളുടെ റോഡുമാർഗ്ഗമുള്ള സഞ്ചാര തടസ്സം ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിനും വേണ്ടിയാണ് നിർദ്ദിഷ്ട പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ വികസന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലൂടെ തീവണ്ടി ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതോടൊപ്പം പൊതുജനങ്ങളുടെ റോഡ് മാർഗ്ഗമുള്ള സഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായാണ് നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്.

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ 22 സർവ്വേ നമ്പറുകളിലെ 26 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 26 കുടുംബങ്ങളിലെ 27 ഭൂഉടമകളിൽനിന്നാണ് ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്. ഇവരെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന 3 സർവ്വേ നമ്പറുകളിലെ 4 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ 4 ഭൂഉടമകളിൽനിന്നാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്. ഇവരെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ നിർമ്മാണത്തിനാവശ്യമായ രൂപരേഖ തയ്യാറാക്കുമ്പോൾ സാമൂഹ്യവും, പാരിസ്ഥിതികവുമായ പ്രത്യാഘാതം പരമാവധി കുറച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ സതേൺ റെയിൽവേയുടെ ഗതഗത സൗകര്യങ്ങൾ പൊതുവായും, തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ ഗതാഗത സൗകര്യങ്ങൾ പ്രത്യേകമായും, മെച്ചപ്പെടുന്നതിനും, ദേശീയ പ്രാധാന്യമുള്ള റെയിവേ ഗതാഗതം കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രധാനം ചെയ്യുന്നതിനും സാധിക്കുന്നതാണ്.

23-12-2021 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 273/2021/ആർ.ഡി പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/ എഫ്.ഒ.ബി നിർമ്മാണ നിർമ്മാണ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്. തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-03-2022ാം തിയ്യതിയിലെ കെ 14-187111/19 ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനയി ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി 2013 ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിക്കുന്നതിന് മുമ്പായി പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും പ്ലാനറ്റ് കേരളയെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും 2013 ൽ പ്രതിപാദിച്ച രീതിയിൽ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 2022 സെപ്റ്റംബർ 13ാം തിയ്യതി അസാധാരണ ഗസറ്റായി വാല്യം 11 ൽ 3082 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം പ്ലാനറ്റ് കേരള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിക്കുകയും ചെയ്തു.

## 1.2 പദ്ധതി പ്രദേശം

**ആർ.ഒ.ബി. നമ്പർ 47**

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന 3 സർവ്വേ നമ്പറുകളിലെ 4 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ 4 ഭൂഉടമസ്ഥരുടെ പേരിലുള്ള ഏകദേശം 0.0122 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

**ആർ.ഒ.ബി. നമ്പർ 72**

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ 22 സർവ്വേ നമ്പറുകളിലെ 26 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 26 കുടുംബങ്ങളിലെ 27 ഭൂഉടമസ്ഥരുടെ പേരിലുള്ള ഏകദേശം 0.4813 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

പദ്ധതി പ്രദേശം സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങളാണ് പട്ടിക – 1 ൽ കാണിച്ചിരിക്കുന്നത്.

**പട്ടിക – 1.1 പദ്ധതി പ്രദേശം**

| നമ്പർ | നിയമസഭാ മണ്ഡലം | നഗരസഭ/ ഗ്രാമപഞ്ചായത്ത് | വാർഡ് പേര്/ നമ്പർ | വില്ലേജ് |
|---|---|---|---|---|
| 1 | നെയ്യാറ്റിൻകര | 1. നെയ്യാറ്റിൻകര | 1) കൂട്ടപ്പന (4)<br>2) വഴുതൂർ (17) | 1. നെയ്യാറ്റിൻകര |
| 2 | കാട്ടാക്കട | 1. പള്ളിച്ചൽ | 1) കുരണ്ടിവിള (16) | 1. പള്ളിച്ചൽ |

പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ലെ സർവ്വേ നമ്പർ ----- ൽ തണ്ടപ്പേർ നമ്പർ ---- ലെ തങ്കകുമാരിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന സ്റ്റോൺ നമ്പർ ൽ ആരംഭിച്ച്, നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 53 ലെ സർവ്വേ നമ്പർ 58 ൽ തണ്ടപ്പേർ നമ്പർ ------- ലെ -------- ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന സ്റ്റോൺ നമ്പർ 238/62 ലാണ് നിർദ്ദിഷ്ട ഘട്ട പദ്ധതി അവസാനിക്കുന്നത്.

## 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി

4(1) വിജ്ഞാപനപ്രകാരം ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന വ്യത്യസ്ത സർവ്വേ നമ്പറുകളിലായി ഏകദേശം 0.0122 ഹെക്ടർ ഭൂമിയും, ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 0.4813 ഹെക്ടർ ഭൂമിയും ചേർന്ന് ആകെ 0.4935 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. പദ്ധതി നിർവ്വഹണത്തിനായി റെയിൽവേ തയ്യാറാക്കിയ അലൈൻമെന്റ് സ്കെച്ച് അനുസരിച്ചുള്ള ബ്ലോക്ക് നമ്പറുകളിൽ ഉൾപ്പെടുന്ന സർവ്വേ നമ്പറുകളെ ഉൾപ്പെടുത്തിയാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. ഇത്തരത്തിൽ പഠനം നടത്തിയ അവസരത്തിൽ നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ 22 സർവ്വേ നമ്പറുകളിലെ 26 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 26 കുടുംബങ്ങളിലെ 27 ഭൂഉടമകളിൽനിന്നാണ് ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്. ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന 3 സർവ്വേ നമ്പറുകളിലെ 4 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ 4 ഭൂഉടമകളിൽനിന്നാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്.

| പട്ടിക – 1.2 സർവ്വേ നമ്പർ സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| നമ്പർ | വില്ലേജ് | ബ്ലോക്ക് നമ്പർ | കുടുംബങ്ങൾ എണ്ണം | സർവ്വേ നമ്പർ എണ്ണം | സബ് ഡിവിഷൻ എണ്ണം | ഭൂഉടമസ്ഥർ എണ്ണം |
| 1 | പള്ളിച്ചൽ | 5 | 4 | 3 | 4 | 4 |
| 2 | നെയ്യാറ്റിൻകര | 16 | 7 | 7 | 7 | 7 |
| | | 51 | 9 | 9 | 9 | 11 |
| | | 54 | 1 | 1 | 1 | 1 |
| | | 19B | 3 | 3 | 3 | 3 |
| | എണ്ണം | 5 | 24 | 23 | 24 | 26 |

കുറിപ്പ്: സബ്ഡിവിഷൻ മുതലായ കാരണങ്ങളാലാണ് സർവ്വേ നമ്പറുകളുടെ എണ്ണത്തിൽ 4(1) ൽ നിന്നും വ്യത്യസ്തമായി ഫീൽഡ് തലത്തിൽ വന്നിരിക്കുന്നത്.

### 1.4 ബദൽസാധ്യതകൾ

നെയ്യാറ്റിൻകര അസംബ്ലി നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭ, കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് എന്നിവയിൽ ഉൾപ്പെടുന്നതും, തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5, നയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. സതേൺ റെയിൽവേയുടെ ഭാഗമായുള്ള തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, സതേൺ റെയിൽവേയുടെ ഭാഗമായുള്ള തിരുവനന്തപുരം മുതൽ

കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, ട്രെയിൻ ഗതാഗതത്തോടൊപ്പം പ്രദേശത്തെ ജനങ്ങളുടെ റോഡുമാർഗ്ഗമുള്ള സഞ്ചാര തടസ്സം ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിനും വേണ്ടിയാണ് നിർദ്ദിഷ്ട പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലൂടെ തീവണ്ടി ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. ഇത്തരത്തിൽ കാലാനുസൃതമായ റെയിൽവേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ട്രെയിൻ മാർഗ്ഗമൂള്ള പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ സൗകര്യപ്രദവും, ഉപകാരപ്രദവുമാകുന്നതാണ്. ഈ ലക്ഷ്യത്തോടെയാണ് നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ നിർദ്ദിഷ്ടപദ്ധതി പൂർത്തീകരിക്കുന്നതിലൂടെ സുരക്ഷിതവും, സൗകര്യപ്രദവുമായ റെയിൽവേ ഗതാഗതം ഉറപ്പാക്കുന്നതിനും, റെയിൽ ഗതാഗത തടസ്സങ്ങൾ പരിഹരിക്കുന്നതിനും, യാത്രാ സമയം കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുമെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യമുണ്ടെങ്കിലും, നിർദ്ദിഷ്ട നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, തിരുവനന്തപുരം മുതൽ പാറശ്ശാല വരെയുള്ള റെയിൽവേ ഗതാഗതം സുഗമമാക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിലും നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, നിലവിലെ ഒറ്റവരി പാതയോട് ചേർന്നുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിനുള്ള പ്രവർത്തി ആയതിനാലും ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതവും, ലഘൂകരണ മാർഗ്ഗങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സുപ്രധാനമായ സാമൂഹ്യപ്രത്യാഘാതങ്ങൾ കണ്ടെത്തി ആവയുടെ പ്രാധാന്യം വിലയിരുത്തി ആഘാത ലഘൂകരണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. ആയതിനാൽതന്നെ വ്യത്യസ്ത ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നിർണ്ണയിക്കുകയും അവയുടെ സംഗ്രഹരൂപം ചുവടെ പ്രതിപാദിക്കുകയും ചെയ്യുന്നു.

## 1.6 വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികളുടെ വില നിശ്ചയിച്ച് പൊളിച്ച് നീക്കൽ<br>◆ കാർഷിക വിളകളുടെ നഷ്ടം<br>◆ തൊഴിലാളികൾ, പരിസരത്ത് താമസിക്കുന്നവർ, യാത്രക്കാർ, എന്നിവരുടെ അപകട സാധ്യതകളും, സുരക്ഷയും. |
| 2 | നിർമ്മാണ ഘട്ടം | ◆ നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>◆ പുറമേനിന്നുള്ള തൊഴിലാളികൾ വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>◆ നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിലും, നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോഴും പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും.<br>◆ തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, സഞ്ചാരികളൂടേയും അപകട സാധ്യതകളും, സുരക്ഷയും.<br>◆ നിർമ്മാണ ഘട്ടത്തിൽ ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>◆ വൈദ്യുതി കാലുകൾ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ |
| 3 | പ്രവർത്തന ഘട്ടം | ◆ ട്രെയിനുകൾക്ക് സുഖമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട ഇരട്ടവരി പാത<br>◆ ചരക്ക് ട്രയിനുകളുടെ സുഗമമായ സഞ്ചാരം.<br>◆ ഭൗതീക സാഹചര്യങ്ങളും, തൊഴിൽ അവസരങ്ങളും മെച്ചപ്പെടുകയും ചെയ്യുന്നു<br>◆ വരുമാന വർദ്ധനവ് ഉണ്ടാവുകയും ആയതിനാൽ ജീവിത നിലവാരം ഉയരുകയും ചെയ്യുന്നു. |

### സാമൂഹ്യ പ്രത്യാഘാതവും സാധ്യമായ ലഘൂകരണ മാർഗ്ഗങ്ങളുടെ വിശലനവും

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | ഭൂഉടമസ്ഥരുടെ ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | വൈദ്യുതി കാലുകളെ ബാധിക്കുന്നു | പുനസ്ഥാപനത്തിനുള്ള സഹായം ആവശ്യമായി വരുന്നതാണ് |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | സി. എസ്. ഐ. ഡിസ്ട്രിക്ട് അസോസിയേഷൻ മുതുവള്ളൂർകോണം | അർഹമായ നഷ്ടപരിഹാരം നൽകേണ്ടി വരുന്നതാണ് |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ**

- ❖ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടമാകുന്ന വീട്, കെട്ടിടങ്ങൾ, അതിർത്തി മതിൽ, ഗേറ്റ്, മരങ്ങൾ എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുത്തുകഴിയുമ്പോൾ ഉപയോഗ യോഗ്യമല്ലാതെ ബാക്കിയായി വരുന്ന തുണ്ടുഭൂമികൾകൂടി ഏറ്റെടുത്ത് വിലനൽകേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിക്കാത്തതിനാലും, നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ അർഹമായ നഷ്ടപരിഹാരം നൽകി താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- ❖ പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും അവയിലുള്ള കൃഷികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംഗങ്ങൾക്ക് ബോധ്യപ്പെട്ടത്.

- ❖ ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ മുതലായ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- ❖ ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, സഞ്ചാരികളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോള്ളേണ്ടതാണ്.

- ❖ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ സഞ്ചാര തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

- ❖ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള വൈദ്യുതി ലൈൻ ട്രാൻസ്ഫോർമർ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനർക്രമീകരിക്കേണ്ടതുമാണ്.

## അധ്യായം – 2

## പദ്ധതി സംബന്ധിച്ച വിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്കെഅറ്റത്തുള്ള തീരദേശ ജില്ലയാണ് തിരുവനന്തപുരം. അറബിക്കടലിന്റെ തീരത്തുനിന്നു 78 കിലോമീറ്റർ അകലത്തിൽ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണിത്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ ജില്ല 1957 ൽ ആണ് നിലവിൽ വന്നത്. 2011 ലെ സെൻസസ് അനുസരിച്ച് 33,07,284 ആണ് ഇവിടത്തെ ജനസംഖ്യ. കേരള സംസ്ഥാനത്ത് മലപ്പുറം ജില്ല കഴിഞ്ഞാൽ ഏറ്റവും അധികം ജനസംഖ്യയുള്ള ജില്ലയാണ് തിരുവനന്തപുരം. ഭരണ സൗകര്യത്തിനായി ജില്ലയെ തിരുവനന്തപുരം, നെയ്യാറ്റിൻകര, ചിറയിൻകീഴ്, കാട്ടാക്കട, നെടുമങ്ങാട്, വർക്കല എന്നിങ്ങനെ ആറ് താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനും, 12 ബ്ലോക്ക് പഞ്ചായത്തുകളും, 73 ഗ്രാമപഞ്ചായത്തുകളും, 4 നഗരസഭകളുമാണ് ഉള്ളത്.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭ, പള്ളിച്ചൽ, ബാലരാമപുരം ഗ്രാമപഞ്ചായത്തുകൾ എന്നിവയിലെ പ്രദേശങ്ങൾ ഉൾപ്പെടുന്നിടത്താണ് നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നത്. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ വിവരങ്ങളാണ് താഴെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക – 2.1 ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | തദ്ദേശ സ്ഥാപനം | വിസ്തീർണ്ണം (ച.കി.മി.) | വാർഡുകൾ എണ്ണം | വീടുകൾ എണ്ണം | ജനസംഖ്യ (പുരുഷൻ) | ജനസംഖ്യ (സ്ത്രീ) | ജനസംഖ്യ (ആകെ) |
|---|---|---|---|---|---|---|---|
| 1 | നെയ്യാറ്റിൻകര | 28.78 | 44 | 18176 | 34513 | 36337 | 70850 |
| 3 | പള്ളിച്ചൽ | 21.70 | 23 | 11724 | 22232 | 22987 | 45219 |
| | ആകെ | 50.48 | 67 | 29900 | 56745 | 59324 | 116069 |

1951 ഏപ്രിൽ 14 നാണ് നിലവിലെ രൂപത്തിൽ സതേൺ റെയിൽവേ നിലവിൽവന്നത്. ചെന്നൈ ആസ്ഥാനമായ സതേൺ റെയിൽവേയെ ആറ് ഡിവിഷനുകളായി തരംതിരിച്ചിരിക്കുന്നതിൽ ഒരു ഡിവിഷനാണ് തിരുവനന്തപുരം ഡിവിഷൻ. സംസ്ഥാനത്തേയും, രാജ്യത്തിന്റേയും അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം സാമൂഹ്യ സാമ്പത്തീക വികസനവും നേടിത്തരുന്നതിൽ പ്രമുഖ പങ്കാണ് റെയിൽവേ വഹിക്കുന്നത്.

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമായതിനാൽ താമസംവിനാ ഭൂമി ഏറ്റെടുത്ത് വികസന പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് നിർമ്മാണ

പ്രവർത്തികൾ പൂർത്തീകരിക്കുന്നതോടെ തിരുവനന്തപുരം മുതൽ പാറശ്ശാല വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, നിലവിലെ ഒറ്റവരി പാതയിലൂടെയുള്ള ഗതാഗത തടസ്സം ഒഴിവാക്കി ഇരട്ടവരി പാത നിർമ്മിക്കുന്നതിലൂടെ തീവണ്ടി ഗതാഗതം സുഗമമാക്കുന്നതിനും ട്രെയിനുകൾക്ക് മാർഗ്ഗതടസ്സമില്ലാതെ സഞ്ചരിക്കുന്നതിനും സഹായകരമാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.2 പദ്ധതിയുടെ അടിസ്ഥാനം

23-12-2021 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 273/2021/ആർ.ഡി പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചത്.

- 1894 ലെ ഭൂമി ഏറ്റെടുക്കൽ നിയമം കേന്ദ്ര സർക്കാർ 2013 ൽ പരിഷ്കരിക്കുകയും പകരമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങൾ 2014 ജനുവരി മാസം 1ാം തിയ്യതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. തുടർന്ന് നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ച് 2015 സെപ്തംമ്പർ 23 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റേയും, ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രക്രീയ ആരംഭിച്ചത്.

- 2013 ലെ പുതിയ നിയമങ്ങളും, ചട്ടങ്ങളുമനുസരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23-03-2022ാം തിയ്യതിയിലെ കെ 14-187111/19 ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, ആവശ്യമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനയി ചുമതലപ്പെടുത്തി.

- 2013 ലെ നിയമത്തിനും, ചട്ടങ്ങൾക്കും അനുസൃതമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാനും തയ്യാറാക്കി നൽകുന്നതിനായി കേരള സർക്കാരിന്റെ 2022 സെപ്റ്റംബർ 13ാം തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 11 ൽ 3082 ാം നമ്പർ 4(1) വിജ്ഞാപന പ്രകാരം പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി.

- തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ നിർമ്മാണ പദ്ധതിക്കായി ആവശ്യമായി വരുന്ന ഏകദേശം 0.4935 ഹെക്ടർ സ്ഥലത്താണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്.

- നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന 3 സർവ്വേ നമ്പറുകളിലെ 4 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ 4 ഭൂഉടമസ്ഥരുടെ ഏകദേശം 0.0122 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

- ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ 22 സർവ്വേ നമ്പറുകളിലെ 26 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 26 കുടുംബങ്ങളിലെ 27 ഭൂഉടമസ്ഥരുടെ ഏകദേശം 0.4813 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

- സതേൺ റെയിൽവേ, തിരുവനന്തപുരം ഡിവിഷനിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, അർഥനാധികാരിയും, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനുമാണ്.

- 2015 സെപ്തംബർ 23 ാം തിയ്യതി കേരള സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളുടെ ഭാഗമായി ചട്ടങ്ങൾ രൂപീകരിക്കുകയും, സംസ്ഥാന നയം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി സുതാര്യതയും ന്യായമായ നഷ്ടപരിഹാരവും ഉറപ്പ് നൽകാൻ സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു.

- തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി നടപ്പിലാകുന്നതിലൂടെ താഴെ പറയുന്ന ഗുണങ്ങൾ അനുഭവവേദ്യമാകുന്നതാണ്.

    - ★ സതേൺ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനുകീഴിൽ വരുന്ന തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനം സാധ്യമാകുന്നു.

    - ★ നിലവിലെ സഞ്ചാരതടസ്സങ്ങൾ പരിഹരിക്കുന്നതിനും, ട്രെയിൻ സഞ്ചാര വേഗത വർദ്ധിപ്പിക്കുന്നതിനും, ഗതാഗത തടസ്സങ്ങൾ നീക്കുന്നതിനും സാധിക്കുന്നു. ട്രെയിൻ ഗതാഗതത്തോടൊപ്പം പ്രദേശത്തെ ജനങ്ങളുടെ റോഡുമാർഗ്ഗമുള്ള സഞ്ചാര തടസ്സം ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിന് സാധിക്കുന്നു

    - ★ സംസ്ഥാനത്തേയും, രാജ്യത്തിന്റേയും അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം സാമൂഹ്യ സാമ്പത്തീക വികസനവും റെയിൽ പാത വികസനത്തിലൂടെ ലക്ഷ്യമിടുന്നു.

## 2.3 പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട തിരുവനന്തപുരം–കന്യാകുമാരി

റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. സതേൺ റെയിൽവേയുടെ ഭാഗമായുള്ള തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, നിലവിലെ ഒറ്റവരി പാതയിലൂടെയുള്ള ഗതാഗത തടസ്സം ഒഴിവാക്കി ഇരട്ടവരി പാത നിർമ്മിക്കുന്നതിലൂടെ തീവണ്ടി ഗതാഗതം സുഗമമാക്കുന്നതിനും വേണ്ടിയാണ് നിർദ്ദിഷ്ട പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലൂടെ തീവണ്ടി ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. ഇത്തരത്തിൽ കാലാനുസൃതമായ റെയിൽവേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ട്രെയിൻ മാർഗ്ഗമുള്ള പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ സൗകര്യപ്രദവും, ഉപകാരപ്രദവുമാകുന്നതാണ്. ഈ ലക്ഷ്യത്തോടെയാണ് നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ നിർദ്ദിഷ്ടപദ്ധതി പൂർത്തീകരിക്കുന്നതിലൂടെ സുരക്ഷിതവും, സൗകര്യപ്രദവുമായ റെയിൽവേ ഗതാഗതം ഉറപ്പാക്കുന്നതിനും ഗതാഗത തടസ്സങ്ങൾ പരിഹരിക്കുന്നതിനും, യാത്രാ സമയം കുറക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുമെന്നാണ് പൊതുജന അഭിപ്രായത്തിലൂടേയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിലൂടെ റെയിൽ ഗതാഗതത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭൂഉടമസ്ഥർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നതിനും സാധിക്കും.

നിർദ്ദിഷ്ട പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ റെയിൽ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ട്രെയിനുകൾക്ക് മാർഗ്ഗതടസ്സമില്ലാതെ സഞ്ചരിക്കുന്നതിനും, അടിസ്ഥാന സൗകര്യവികസനം, സാമൂഹ്യ–സാമ്പത്തീക മേഖലയുടെ വികസനത്തിനും പ്രയോജനപ്പെടുകയും ചെയ്യും. നിർദ്ദിഷ്ട പദ്ധതി പ്രധാന വികസന ആവശ്യമായതിനാൽതന്നെ ഭൂമി ഏറ്റെടുക്കൽ പ്രക്രീയക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും നൽകുന്നതിന് ആഘാതബാധിതരായവർ തയ്യാറാണെന്നാണ് മനസ്സിലാക്കുന്നത്. മേൽ സൂചിപ്പിച്ച എല്ലാ വിലയിരുത്തലുകളും അനുസരിച്ച് പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. സ്വകാര്യ ഭൂഉടമസ്ഥർക്ക് ഏറ്റവും പരിമിതമായ പ്രത്യാഘാതം വരുന്ന തരത്തിലാണ് ബന്ധപ്പെട്ട വകുപ്പുകൾ അലൈൻമെന്റ് തയ്യാറാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിരിക്കുന്നത്.

സ്വകാര്യ വ്യക്തികളുടെ ഭൂമിയേയും, നിർമ്മിതികളേയും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ബാധിക്കുമെന്ന സാഹചര്യമുണ്ടെങ്കിലും, നിർദ്ദിഷ്ട നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 2013 ലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയും, തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ ഗതാഗതം സുഗമമാക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിലും നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, ബദൽ സാധ്യതകൾ യാതൊന്നും തന്നെ ഈ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ടതായി വരുന്നില്ല.

## 2.4 നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാകുന്ന മുറക്ക് ഏറ്റെടുത്ത ഭൂമി സതേൺ റെയിൽവേക്ക് കൈമാറുകയും തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കാവുന്നതുമാണ്.

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിയുടെ പ്രവർത്തികൾക്കായി ഏകദേശം 0.4935 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. പദ്ധതി നിർവ്വഹണ ചുമതല വഹിക്കുന്ന സതേൺ റെയിൽവേ സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നതാണ്. നിർമ്മാണമികവിന്റെ ഭാഗമായി ആവശ്യമായി വരുന്ന നൂതന സാങ്കേതിക വിദ്യകൾ നിർമ്മാണം നടക്കുന്ന അവസരത്തിൽ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

## 2.6 അനുബന്ധ ഭൗതീക സൗകര്യങ്ങളുടെ ആവശ്യകത

നേമം–നെയ്യാറ്റിൻകര റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിനാണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ആയതിനാൽ തന്നെ അനുബന്ധമായ ഭൗതീക സൗകര്യങ്ങൾ ഒന്നും നിർമ്മിക്കേണ്ടതായി വരുന്നില്ല.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വ്യത്യസ്ത വൈദഗ്ദ്ധ്യമുള്ള മനുഷ്യശേഷി നിർവ്വഹണ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടതും, നിശ്ചിതസമയത്ത് തന്നെ പണികൾ പൂർത്തീകരിക്കേണ്ടതുമാണ്. വികസന പ്രവർത്തികൾ നടത്തുന്നതിനായി അത്യാധുനീകമായ ഉപകരണങ്ങളും, വൈദഗ്ദ്ധ്യമുള്ള എൻജിനീയർമാരും അത്യന്താപേക്ഷിതമാണ്. ആയതിനാൽ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞാൽ താമസംവിനാ പദ്ധതി പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തദ്ദേശീയർക്കും, പുറമേനിന്നുള്ളവർക്കും തൊഴിൽ അവസരങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## 2.8 മുമ്പ് നടത്തിയ പഠനങ്ങൾ

നേമം–നെയ്യാറ്റിൻകര റെയിൽവേ പാത ഇരട്ടിപ്പിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായ സാമൂഹ്യ പ്രത്യാഘാത പഠനങ്ങൾ ഒന്നും തന്നെ മുൻകാലങ്ങളിൽ നടത്തിയിട്ടില്ല. പ്ലാനറ്റ് കേരളയുടെ നേതൃത്വത്തിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് ഇത്തരത്തിലുള്ള ആദ്യ പഠനം.

## 2.9 ഉപയുക്തമായ നയങ്ങളും, നിയമങ്ങളും

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ,

സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും, ചട്ടങ്ങളും ബാധകമാകുന്നതാണ്.

- 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം.
- കേരള സംസ്ഥാന സർക്കാർ 2015 ൽ പ്രാബല്യത്തിലാക്കിയ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരമോ, പുനരധിവാസ–പുനസ്ഥാപന ആനുകൂല്യങ്ങളോ നൽകാനുള്ള 23-09-2015ാം തിയ്യതിയിലെ ജി.ഒ.(എം.എസ്) നമ്പർ 485/2015/ ആർ.ഡി. അനുസരിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നയരേഖ.
- 29-12-2017ാം തിയ്യതിയിലെ ജി.ഒ.(എം.എസ്) നമ്പർ 448/2017/ ആർ.ഡി. ഉത്തരവ് പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ പുനരധിവാസ–പുനസ്ഥാപന പാക്കേജ്.
- 2005 ലെ വിവരാവകാശ നിയമം
- വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016 ലെ ആക്ട്.

**വിവരാവകാശ നിയമം 2005**

പൗരൻമാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രീയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനുവേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരൻമാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

**വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016**

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തീകമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകതയാണ്.

## അദ്ധ്യായം – 3

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും, രീതിശാസ്ത്രങ്ങളും

### 3.1 പശ്ചാത്തലം

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07-02-2017 ാം തിയ്യതിയിലെ K6-89903/16 നമ്പർ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിലും, തുടർന്ന് റവന്യു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-03-2020 ാം തിയ്യതിയിലെ GO(Rt) No. 982/2020/RD ാം നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാനത്തിലും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി പ്ലാനറ്റ് കേരളയെ അംഗീകരിക്കുകയും, 2022 സെപ്റ്റംബർ 13ാം തിയ്യതിയിലെ അസാധാരണ ഗസറ്റ് വാല്യം 11 ൽ 3082 വിജ്ഞാപന പ്രകാരം തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു–സ്വകാര്യ സ്വത്ത്വഹകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി സമുചിത സർക്കാരിൽ സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠനപ്രക്രീയ നടത്തുന്നത്. ഈ പഠന പ്രക്രീയയുടെ ഭാഗമായി പ്രാഥമീക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠന പ്രക്രീയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി, ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘ ചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും.

ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കേണ്ടിവരികയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തീകവുമായ സുസ്ഥിരതക്ക് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിലോ കൂടുതൽ മെച്ചപ്പെട്ട തരത്തിലോ ആഘാതബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽക്കണ്ടാണ് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

(i) പദ്ധതിയുടെ സാമൂഹ്യ സാമ്പത്തീക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശസ്ഥാപന പ്രതിനിധികൾ, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയവിനിമയവും

(iii) 2013 ൽ നിലവിൽവന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും വായിച്ച് മനസ്സിലാക്കുക.

(iv) ഉത്തരവാദിത്വങ്ങൾ പങ്കുവെക്കലും ഏറ്റെടുക്കലും.

**മാതൃക 3.1 സാമൂഹ്യപ്രത്യാഘാത പഠന സമീപനവും രീതിശാസ്ത്രവും**

| | | |
|---|---|---|
| ഘട്ടം – I<br><br>പഠന മുന്നൊരുക്കങ്ങൾ | **അവലോകനം–പഠനം–ചർച്ചകൾ**<br>• റവന്യ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ച<br>• സംയുക്ത സ്ഥലപരിശോധന<br>• ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ പഠനം<br>• അനുബന്ധ നിയമങ്ങളുടെ പഠനം<br>• അനുബന്ധ രേഖകൾ കണ്ടെത്തൽ, പഠനം<br>• വാർഡ് കൗൺസിലർമാരുമായി ചർച്ച | **ഫീൽഡ്തല പ്രവർത്തനങ്ങൾ**<br>• ദ്വിതീയവിവര ശേഖരണം–വില്ലേജ് ഓഫീസ്<br>• ചോദ്യാവലി തയ്യാറാക്കൽ<br>• വിവരശേഖരണത്തിനുള്ള സംഘാങ്ങളെ നിജപ്പെടുത്തൽ<br>• സംഘാങ്ങൾക്കുള്ള പരിശീലനം |
| ഘട്ടം – II<br><br>സാമൂഹ്യ പ്രത്യാഘാത പഠനം | **ഫീൽഡ്തല സ്ഥിതിവിവര ശേഖരണം**<br>• ആഘാതബാധിതരുടെ സ്ഥിതിവിവര ശേഖരണം<br>• സാമൂഹ്യ–സാമ്പത്തീക വിവര ശേഖരണം<br>• നേരിട്ടുള്ള അഭിമുഖം<br>• പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ | **നടത്തിപ്പ് ക്രമീകരണങ്ങൾ**<br>• നിയമ–ചട്ട–മാർഗ്ഗനിർദ്ദേശങ്ങളുടെ അവലോകനം<br>• വകുപ്പ് ഉദ്യോഗസ്ഥരുമായുള്ള പുനരധിവാസ കർമ്മപദ്ധതി തയ്യാറാക്കൽ ചർച്ചകൾ<br>• ഉള്ളടക്ക വിശകലനം<br>• ഫീൽഡ് പ്രവർത്തന ആസൂത്രണം, സ്ഥിതിവിവര ശേഖരണം, വിശകലനം<br>• സാമൂഹ്യ പ്രത്യാഘാത കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| ഘട്ടം – III<br><br>പഠനാനന്തരം | **വിവര വിശകലനവും റിപ്പോർട്ടും**<br>• സ്ഥിതിവിവര ക്രോഡീകരണം–വിശകലനം<br>• പട്ടിക തയ്യാറാക്കൽ<br>• പഠന റിപ്പോർട്ടിന്റെ അന്തിമരൂപരേഖ തയ്യാറാക്കൽ<br>• സ്ഥിതിവിവര ഫല വിശകലനം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• കരട് റിപ്പോർട്ട് സമർപ്പണവും പ്രസിദ്ധീകരണവും | **പഠന റിപ്പോർട്ടിൻമേലുള്ള ചർച്ചകൾ**<br>• കരട് പഠന റിപ്പോർട്ട് അവതരണം<br>• പ്രാദേശിക ഗവൺമെന്റ് പ്രതിനിധികളുമായുള്ള ചർച്ചകൾ<br>• ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ<br>• പബ്ലിക് ഹിയറിംഗ് സംഘാടനം<br>• അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കൽ, പരിഗണിക്കൽ<br>• അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ |

മാതൃക 3.1. സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തിനായി അവലംബിച്ച സമീപനങ്ങളും, രീതിശാസ്ത്രങ്ങളും, നടപടി ക്രമങ്ങളുമാണ് വിശദമായി ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

- ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം
- അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠന വിധേയമാക്കൽ
- പദ്ധതി പ്രദേശ സന്ദർശനവും ജനപ്രതിനിധികളും, പൊതുജനങ്ങളുമായുള്ള ആശയവിനിമയവും
- ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, വസ്തുവഹകളുടെയും കണക്കെടുപ്പും, വിവരശേഖരണവും
- സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ വിശകലനം
- പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- പദ്ധതി പ്രദേശത്തെ പൊതു ജനങ്ങളുമായുള്ള അഭിമുഖങ്ങളും, ചർച്ചയും
- സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.
- പബ്ലിക് ഹിയറിംഗ്
- അന്തിമ റിപ്പോർട്ട് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കൽ

## 3.3 ഡെസ്ക് റിസേർച്ച്

ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട ആവശ്യമായ രേഖകൾ പഠന സംഘം പരിശോധിച്ച് വിശകലനം ചെയ്യുകയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ടുള്ള ഇതര പഠന റിപ്പോർട്ടുകൾ പരാമർശിക്കുകയും പഠനവിഷയമാക്കുകയും ചെയ്തു.

## 3.4 സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം

പ്ലാനറ്റ് കേരളയുടെ എക്സിക്യൂട്ടീവ് ഡയക്ടറും, സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റിന്റെ ചെയർമാനുമായ ശ്രീ. ആന്റണി കുന്നത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘമാണ് നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച പഠനം നടത്തിയത്. സാമൂഹ്യ, വികസന രംഗങ്ങളിൽ പ്രവർത്തി പരിചയമുള്ളവരും, സാമൂഹ്യ – സാമ്പത്തീക സ്ഥിതിവിവര ശേഖരണത്തിൽ പ്രാവീണ്യമുള്ളവരുമായ എട്ട് അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പഠനസംഘമാണ് പ്രാദേശീകമായ തലത്തിൽ ഭൂഉടമസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചത്. ലഭ്യമായ സ്ഥിതിവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി വികസന രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുന്ന വ്യക്തികളുടെ സേവനങ്ങളും ഈ പഠനത്തിനായി വിനിയോഗിച്ചു. ആവശ്യമായ സന്ദർഭങ്ങളിലെല്ലാം റവന്യൂ, സതേൺ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ കൃത്യമായി ലഭിച്ചതിനാൽ പഠന പ്രക്രീയ തടസ്സമില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. പഠനസംഘത്തിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്:

| പട്ടിക 3.1 പഠന വിലയിരുത്തൽ സംഘം | | | |
|---|---|---|---|
| നമ്പർ | പേര് | വിദ്യാഭ്യാസവും സ്ഥാനപ്പേരും | പ്രവർത്തി പരിചയം |
| 1 | ആന്റണി കുന്നത്ത് | രാഷ്ട്രമീമാംസയിലും, സാമൂഹ്യശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം, കമ്യൂണിറ്റി ഡവലപ്മെന്റിൽ അന്താരാഷ്ട്ര ഡിപ്ലോമ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർമാൻ | വികസന രംഗത്ത് 27 വർഷത്തെ പരിചയം |
| 2 | ജയകുമാർ. എൽ | സാമൂഹ്യശാസ്ത്രത്തിൽ ബിരുദം<br>പഠന സംഘം ലീഡർ | വികസന രംഗത്ത് 26 വർഷത്തെ പരിചയം |
| 3 | അരവിന്ദ് എ.എം | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 2 വർഷത്തെ പരിചയം |
| 4 | ആനി എസ് വിമൽ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 5 | സൗമ്യ എ | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 6 | അഞ്ജലി എസ് സുരേഷ് | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 7 | രാധു ആർ. ബി | ബിരുദാനന്തര ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |
| 8 | ശ്രീദേവി ജെ.എസ് | ബിരുദം<br>പഠന സംഘാഗം | വികസന രംഗത്ത് 1 വർഷത്തെ പരിചയം |

### 3.5 ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീത വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ ആഘാതബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രഥമവിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തീക, സാംസ്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

### 3.6 പദ്ധതിപ്രദേശ സന്ദർശനവും, വിവരങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തുന്നതിന് മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പ്രാരംഭമായി സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാ സ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽനിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടേയും, ആവശ്യകതയുടേയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണതോതിലുള്ള വിവരശേഖരണം നടത്തുകയും ചെയ്തു. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനങ്ങളാണ് പട്ടിക 3.2 ൽ വിവരിച്ചിരിക്കുന്നത്:

**പട്ടിക 3.2**

| നമ്പർ | തിയ്യതി | പഠന പ്രവർത്തനങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | 22-09-2022 | ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനം |
| | 26-09-2022 | ഡെപ്യൂട്ടി കളക്ടർ (എൽ.എ) ഓഫീസ്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), റെയിൽവേ യൂണിറ്റ് 2, ആറാലുംമൂട്, നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നും ആവശ്യമായ രേഖകളുടെ ശേഖരണം |
| 2 | 27-09-2022 | പള്ളിച്ചൽ, നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് സന്ദർശനം |
| 3 | 29-09-2022 | ഫീൽഡ് സന്ദർശനം, പദ്ധതി പ്രദേശത്തെ ജനങ്ങളുമായുള്ള കൂടിക്കാഴ്ചയും ചർച്ചകളും. |
| 4 | 02-10-2022 | ഫീൽഡ്തല പ്രവർത്തനങ്ങളുടെ സംഘാടനം |
| 5 | 03-10-2022 | ഫീൽഡ്തല സർവ്വേ ആരംഭം |
| 6 | 05-10-2022 | ആഘാത ബാധിതരായ വ്യക്തികളുമായുള്ള കൂടിക്കാഴ്ചയും ചർച്ചകളും |
| 7 | 03-11-2022 | ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനം |
| 8 | 07-11-2022 | ഫീൽഡ്തല സർവ്വേയുടെ ക്രോഡീകരണം |
| 9 | 14-11-2022 | കരട് റിപ്പോർട്ട് പ്രസിദ്ധീകരണം |
| 10 | 29-11-2022 | പബ്ലിക് ഹിയറിംഗ്: രാവിലെ 11 മണിക്ക് |
| 11 | | അന്തിമ റിപ്പോർട്ട് തയ്യാറാക്കൽ |
| 12 | | അന്തിമ റിപ്പോർട്ട് സമർപ്പണം |

പദ്ധതി പ്രദേശവും, ആഘാതബാധിതരായ വ്യക്തികളേയും, കുടുംബങ്ങളേയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ

പ്രാഥമീക വിവരങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ 2022 നവംബർ മാസത്തിൽ ക്രോഡീകരിക്കുകയും 2022 നവംബർ 14 ന് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ലെ ആക്ടിലും, ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ചുള്ള പബ്ലിക് ഹിയറിംഗ് 2022 നവംബർ മാസം 29ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നെയ്യാറ്റിൻകര നഗരസഭ ടൗൺഹാളിൽ വെച്ച് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തി.

### 3.7 സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം

പ്രാദേശികതലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നടത്തുന്നതിനായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിതരായ വ്യക്തികളുടേയും, കുടുംബങ്ങളുടേയും, സ്ഥാപനങ്ങളുടേയും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിങ്ങനെയുള്ള വിവരങ്ങളിൽ ലഭ്യമായവ ശേഖരിക്കുകയും പ്രാദേശിക തലത്തിൽ സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭിക്കുകയും ചെയ്തു, (ചോദ്യാവലി അനുബന്ധം 2 ഉള്ളടക്കം ചെയ്തിരിക്കുന്നു) ആഘാതബാധിതരായ വ്യക്തികളെ നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

ആഘാതബാധിതരായ വ്യക്തികളെ സംബന്ധിച്ച വിവരങ്ങളായ ഭൂമിയുടെ തരം, നിർമ്മിതിയുടെ തരം, സാമൂഹ്യ സ്ഥിതി മനസ്സിലാക്കുന്നതിനായി കുടുംബത്തിന്റെ വ്യക്തിവിവരങ്ങൾ, ഉടമസ്ഥനോ, വാടകക്കാരനോ എന്ന് തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പുകൾ, തൊഴിൽ, വരുമാനം, ചെലവ്, വീട്ടിലെ മുതലുകൾ, വാണിജ്യ, വ്യവസായ, സ്വയംതൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച വിവിരങ്ങൾ എന്നിങ്ങനെ നിരവധിയായ വിവരങ്ങൾ ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിക്കുകയും അവരുടെ മുഖ്യമായ നിർദ്ദേശങ്ങൾ പ്രത്യേകമായി ചോദ്യാവലിയുടെ അനുബന്ധമായി രേഖപ്പെടുത്തുകയും ചെയ്തു. ചോദ്യാവലി പൂരിപ്പിക്കുന്നതിന് മുന്നോടിയായി ഉടമസ്ഥനെ തിരിച്ചറിയുന്നതിനായി പ്രമാണത്തിന്റെ പകർപ്പ്, നികുതിശീട്ട്, ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെയുള്ള രേഖകളിൽ ലഭ്യമായവയുടെ പകർപ്പ് കാണുകയും ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

### 3.8 സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും, വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങളിൽ ലഭ്യമായവ സമയാസമയങ്ങളിൽ ശേഖരിച്ച് സ്ഥിതിവിവരങ്ങൾ പരിഷ്കരിക്കുകയും ചെയ്തു. സ്ഥിതിവിവരങ്ങളിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻ കരുതലുകൾ സംഘാംഗങ്ങൾ എടുത്തിരുന്നു.

### 3.9 സ്ഥിതിവിവര വിശകലനവും, റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് അന്തിമമായ അനുമാനങ്ങളിൽ എത്തിച്ചേരുകയും അവ സാമൂഹ്യ പ്രത്യാഘാത വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

## 3.10 പൊതുസമൂഹവുമായുള്ള പര്യാലോചന/പബ്ലിക് ഹിയറിംഗ്

നിർദ്ദിഷ്ട വികസന പദ്ധതിയെക്കുറിച്ചും ആയതിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചും ആഘാതബാധിതരും, പൊതുസമൂഹവുമായും പര്യാലോചനകൾ നടത്തുന്നതിനായി അഭിമുഖങ്ങളും ചർച്ചകളും നടത്തുകയും ജനാഭിപ്രായവും, ആഘാതബാധിതരുടെ ആവശ്യങ്ങളും, പ്രതീക്ഷിക്കുന്ന നഷ്ടപരിഹാരവും മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകളൂടെ കാഴ്ചപ്പാടുകളും ആവശ്യങ്ങളും, പ്രത്യാഘാതത്തിന്റെ തോത് കുറക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള ഹിയറിംഗ് 2022 നവംബർ മാസം 29ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നെയ്യാറ്റിൻകര നഗരസഭ ടൗൺഹാളിൽ വെച്ച് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുകയും നിർദ്ദിഷ്ട പദ്ധതിയെ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽനിന്ന് ലഭിച്ച വിവരങ്ങളും, അറിവുകളും ആഘാതബാധിതരുമായി പങ്കുവെക്കുകയും, കരട് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, വരുമാനവും, ഉപജീവന സാധ്യതകളും വീണ്ടെടുക്കൽ, തൊഴിൽ വർദ്ധനവ്, വിവരങ്ങളുടെ ലഭ്യത, തർക്കപരിഹാരങ്ങൾ, സുരക്ഷ, ഭരണാധികാരികളുടെ പങ്ക് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ആവശ്യമായ ദിശാബോധം ജനങ്ങൾക്ക് നൽകുന്നതിന് സാധിക്കുകയും ചെയ്തു. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന മാർഗ്ഗങ്ങളാണ് അവലംബിച്ചത്

1) അനൗപചാരിക വ്യക്തിഗത കൂടിയാലോചനകൾ
2) കേന്ദ്രീകൃത സംഘ ചർച്ചകൾ
3) വ്യക്തി കേന്ദ്രീകൃത ചർച്ചകൾ
4) പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖങ്ങളും, ചർച്ചകളും
5) പബ്ലിക് ഹിയറിംഗ്

**പബ്ലിക് ഹിയറിംഗ്:** 2013 ലെ നിയമത്തിൽ അനുശാസിക്കുന്ന തരത്തിലുള്ള പബ്ലിക് ഹിയറിംഗ് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് 2022 നവംബർ മാസം 29ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നെയ്യാറ്റിൻകര നഗരസഭ ടൗൺഹാളിൽ വെച്ച് നടത്താൻ തീരുമാനിച്ചു

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് ചെയർമാൻ ശ്രീ. ആന്റണി കുന്നത്ത് പബ്ലിക് ഹിയറിംഗിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും, ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു. പദ്ധതിയെ സംബന്ധിച്ചും, ഭൂമി ഏറ്റെടുക്കൽ നടപടികളെ സംബന്ധിച്ചും പബ്ലിക് ഹിയറിംഗിൽ സംബന്ധിച്ചവർക്ക് ആവശ്യമായ അറിവുകൾ നൽകുന്നതിനും, ആഘാതബാധിതർ, പൊതുജനങ്ങൾ എന്നിവരുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ടവർ മറുപടി നൽകുകയും, നൽകിയ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. (വിശദ വിവരങ്ങൾ അനുബന്ധം 10 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു).

### 3.11 പഠനത്തിന്റെ പരിമിതികൾ

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നീതിപൂർവ്വമായ സുതാര്യത ഉറപ്പാക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പരിമിതികൾ താഴെപറയുന്നവയാണ്.

1) നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ, സതേൺ റെയിൽവേ, തിരുവനന്തപുരം അർഥന നടത്തിയിരുന്നെങ്കിലും, പല കാരണങ്ങളാൽ ഭൂമി ഏറ്റെടുപ്പ് നടപടികൾ നീണ്ടുപോയതിനാൽ ഭൂഉടമസ്ഥർ പദ്ധതി നടപ്പിലാകുമോ എന്ന ആശങ്കയുള്ളവരാണ്.

2) നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം ഭൂഉടമസ്ഥർക്ക് അറിവുണ്ടായിരുന്നില്ല. ആയതിനാൽതന്നെ പഠനമെങ്ങനെ ആയിരിക്കും, പഠനപ്രക്രീയ മൂലം ഭൂമിഏറ്റെടുക്കൽ വീണ്ടും വൈകുമോ മുതലായ ആശങ്കകൾ ജനങ്ങൾക്കുണ്ടായിരുന്നു.

3) ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ/ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തേണ്ടതായി വന്നു. ഭൂഉടമസ്ഥരിൽ ഏതാനും പേർ പദ്ധതി പ്രദേശത്തിന് വെളിയിലോ, സിറ്റിയിലോ, മറ്റ് സ്ഥലങ്ങളിലോ താമസിക്കുന്നതിനാൽ അവരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് നിരവധി തവണ ബന്ധപ്പെടേണ്ടതായി വന്നു.

4) 4(1) വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി പഠനം നടത്തുന്നതിനായി നൽകിയ സർവ്വേ നമ്പറുകളും, അർത്ഥനാധികാരിയായ റെയിൽവേയിൽ നിന്നും ശേഖരിച്ച അംഗീകൃത അലൈൻമെന്റ് സ്കെച്ചിലെ സർവ്വേ നമ്പറുകളും തമ്മിൽ വ്യത്യാസം കണ്ടെത്തിയതിനാൽ പദ്ധതി നിർവ്വണത്തിനായി റെയിൽവേ തയ്യാറാക്കിയ അംഗീകൃത അലൈൻമെന്റ് സ്കെച്ചിലെ സർവ്വേ നമ്പറുകളെ അവലംബമാക്കിയാണ് ആഘാതബാധിത പ്രദേശങ്ങളും, ആഘാതബാധിതരേയും ഉൾപ്പെടുത്തി പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

## അദ്ധ്യായം – 4

## ഭൂനിർണ്ണയം

### ആമുഖം

ആഘാത ബാധിതമായ മുഴുവൻ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സാമൂഹ്യ സാമ്പത്തീക സ്ഥിതിവിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2022 നവംബർ മാസം പൂർത്തീകരിക്കുകയും, ആഘാത ബാധിതമായ വസ്തുവഹകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ വരുമാനവും, ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭ്യമാക്കുന്നതിന് സാമൂഹ്യ–സാമ്പത്തീക സ്ഥിതിവിവരണ കണക്കെടുപ്പ് സഹായകരമായി. പഠന വിശകലനങ്ങളുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകൾ ആണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതത്തിന്റെ വിവരങ്ങളാണ് പട്ടിക 4.1 ൽ സൂചിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളിലെ വ്യത്യസ്ത ബ്ലോക്കുകളിൽ ഉൾപ്പെടുന്നതും, നെയ്യാറ്റിൻകര അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന നെയ്യാറ്റിൻകര നഗരസഭ, കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിലെ 3 തദ്ദേശഭരണ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്ന സബ്ഡിവിഷനുകളിലായി കുടുംബങ്ങളിലെ ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന ഏകദേശം 0.4935 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. ആയതിനാൽ ആഘാതബാധിതരായി കണക്കാക്കുന്ന കുടുംബങ്ങളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിരിക്കുന്നത്. ആഘാത ബാധിതരാകുന്ന ഭൂഉടമസ്ഥരുടെ പട്ടിക അനുബന്ധം 03 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, ശ്മശാനങ്ങൾ, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, ഭക്ഷ്യധാന്യങ്ങളൂടെ സംഭരണശാലകൾ എന്നിവയൊന്നും ഇല്ലാത്തതുമാകുന്നു.

| **പട്ടിക 4.1 ആഘാത ബാധിത സ്ഥലത്തിൻറെ വിവരങ്ങൾ** | |
|---|---|
| **ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ)** | |
| 4(1) വിജ്ഞാപന പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) | 0. 4935 |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0. 4935 |

| ആകെ (ഹെക്ടർ) | | | | | 0. 4935 |
|---|---|---|---|---|---|
| വസ്തുവഹകളിലുള്ള പ്രത്യാഘാതം | | | | | |
| ക്രമ നമ്പർ | ഇനം | എണ്ണം | ക്രമ നമ്പർ | ഇനം | എണ്ണം |
| 1 | | | 11 | | |
| 2 | | | 12 | | |
| 3 | | | 13 | | |
| 4 | | | 14 | | |
| 5 | | | 15 | | |
| 6 | | | 16 | | |
| 7 | | | 17 | | |
| 8 | | | 18 | | |
| 9 | | | 19 | | |
| 10 | | | 20 | | |

## 4.2 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ 22 സർവ്വേ നമ്പറുകളിലെ 26 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 26 കുടുംബങ്ങളിലെ 27 ഭൂഉടമകളിൽനിന്നാണ് ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്. ഇവരെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന 3 സർവ്വേ നമ്പറുകളിലെ 4 സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന 4 കുടുംബങ്ങളിലെ 4 ഭൂഉടമകളിൽനിന്നാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുന്നത്. ഇവരെ നിർദ്ദിഷ്ട പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നതാണ്.

| പട്ടിക 4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരങ്ങൾ | | | | |
|---|---|---|---|---|
| ഉടമസ്ഥത | സർവ്വേ നമ്പർ എണ്ണം | ഉടമസ്ഥർ എണ്ണം | കുടുംബങ്ങൾ എണ്ണം | ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ) |
| സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | | | | 0.4935 |
| സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ) | 0 | 0 | 0 | 0.00 |
| **ആകെ** | | | | **0.4935** |

പട്ടിക 4.5 സൂചിപ്പിച്ച പ്രകാരം ആകെ ഏറ്റെടുക്കേണ്ട ഭൂവസ്തുക്കൾ 333 കുടുംബങ്ങളുടെ സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്.

### 4.3 പൊതു സ്ഥലത്തിന്റെ ഉപയോഗം

ആകെ ഏറ്റെടുക്കേണ്ട ഭൂമി കുടുംബങ്ങളിലെ സ്വകാര്യ ഭൂഉടമസ്ഥർ കൈവശം വെച്ചിരിക്കുന്ന സർവ്വേ നമ്പറുകളിലെ സബ്ഡിവിഷനുകളിൽ ഉൾപ്പെടുന്ന ഏകദേശം 0.4935 ഹെക്ടർ ഭൂമിയാണ്. ഇവയെല്ലാം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാവുന്നതുമാണ്. ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ പൊതുസ്ഥലം, പുറമ്പോക്ക് സ്കൂളുകൾ, പരിശീലന കേന്ദ്രങ്ങൾ, അംഗനവാടികൾ, കുട്ടികൾക്കുള്ള പാർക്കുകൾ, ശ്മശാനങ്ങൾ, പരമ്പരാഗത ആദിവാസി സ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കുടിവെള്ള ഉറവകൾ, ഭക്ഷ്യധാന്യങ്ങളുടെ സംഭരണശാലകൾ എന്നിവയൊന്നും ഇല്ലാത്തതുമാകുന്നു.

## അദ്ധ്യായം – 5

## മൂല്യനിർണ്ണയം

### ആമുഖം

ഭൂമി ഏറ്റെടുക്കൽ പ്രക്രീയയുടെ ഭാഗമായി പ്രത്യക്ഷമായും, പരോക്ഷമായും ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ തോത് സംബന്ധിച്ച വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 5.1 പ്രത്യക്ഷമായി ബാധിക്കുന്നത്

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമിയിലെ നിലവിലെ സ്ഥിതിവിവരങ്ങളാണ് പട്ടിക 5.1 ൽ പ്രതിപാദിച്ചിരിക്കുന്നത്.

പട്ടിക 5.1 പ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ബാധിക്കുന്ന വസ്തുവഹകളെ സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 5.2 ഭൂഉടമസ്ഥാവകാശത്തിന്റെ കാലയളവ്

പട്ടിക 5.2 ൽ സൂചിപ്പിക്കുന്ന പ്രകാരം ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും, നിർമ്മിതികളും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. ആകെയുള്ള കുടുംബങ്ങളിൽ 80% കഴിഞ്ഞ 5 വർഷത്തിൽ അധികമായി ഭൂമി കൈവശം വെച്ച് വരുന്നു. 20% ഉടമസ്ഥർ 1-5 വർഷങ്ങളായും വസ്തുവഹകൾ ഉടമസ്ഥപ്പെടുത്തിയവരാണ്.

### 5.3 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവിര ദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളൂടെ അടിസ്ഥാനത്തിൽ ബഹുഭൂരിപക്ഷം ഭൂഉടമസ്ഥരും കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി ഭൂമി കൈവശംവെച്ച് അനുഭവിച്ചുവരുന്നവരാണ്.

പട്ടിക 5.3 ൽ സൂചിപ്പിക്കുന്ന പ്രകാരം ആഘാതബാധിതരായ ഉടമസ്ഥർ ഭൂമിയും, നിർമ്മിതികളും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്നവരാണ്. ആകെയുള്ള കുടുംബങ്ങളിൽ പേർ പൈതൃകമായി ഭൂമി സ്വന്തമാക്കിയവരും പേർ ഭൂവസ്തുക്കൾ വാങ്ങിയവരുമാണ്.

### 5.4 പരോക്ഷമായും ബാധിക്കുന്ന കുടുംബങ്ങൾ

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നവരെയാണ് ഈ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും വ്യത്യസ്ത ആവശ്യങ്ങൾക്കായി ഈ പ്രദേശത്ത് സഞ്ചരിക്കുന്നവരും, ഈ പ്രദേശത്ത് താമസിക്കുന്നവരും ഉൾപ്പെടെയുള്ളവരാണ്.

## 5.5 ഉൽപ്പാദനക്ഷമമായ ആസ്തികൾ

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളിലെ 11 വ്യത്യസ്ത ബ്ലോക്കുകളിൽ ഉൾപ്പെടുന്നതും, നെയ്യാറ്റിൻകര അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന നെയ്യാറ്റിൻകര നഗരസഭ, കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിലെ 3 തദ്ദേശഭരണ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. കാലങ്ങളായി ഭൂമി കൈവശം വെച്ച് കൃഷിയും മറ്റ് അനുബന്ധ തൊഴിലുകളും ചെയ്ത് ഉപജീവനം നടത്തുന്നവരാണ് ആഘാത ബാധിതരായവരിൽ ഭൂരിഭാഗം ജനങ്ങളും. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമസ്ഥരുടെ കൃഷികൾ, നിർമ്മിതികൾ എന്നിവയെ ബാധിക്കുന്നതാണ്. ആയതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം ഭൂഉടമസ്ഥർക്ക് നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണ്.

## 5.6 വരുമാനദായകമായ മുതലുകളുടെ സ്ഥിതിവിവരം

| പട്ടിക 5.4 വരുമാനദായക മുതലുകളുടെ നഷ്ടം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം | ക്രമ നമ്പർ | ഇനം | എണ്ണം |
| 1 | | | 9 | | |
| 2 | | | 10 | | |
| 3 | | | 11 | | |
| 4 | | | 12 | | |
| 5 | | | 13 | | |
| 6 | | | 14 | | |
| 7 | | | 15 | | |
| 8 | | | 16 | | |
| | ആകെ | | | ആകെ | |
| | | | | ആകെ | **955** |

പട്ടിക 5.4 വരുമാന ദായകമായ മുതലുകളുടെ നഷ്ടം സംബന്ധിച്ച വിവരങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ ഭൂമി പാട്ടത്തിനെടുത്ത് വാഴയും ഇതര പച്ചക്കറികളും കൃഷി ചെയ്തുവരുന്നുണ്ട്.

## അദ്ധ്യായം – 6

## സാമൂഹ്യ സാമ്പത്തീക അവസ്ഥ

**ആമുഖം**

ആഘാതബാധിതരായ കുടുംബങ്ങളുടെ സാമൂഹ്യ–സാമ്പത്തീക–സാംസ്കാരിക സ്ഥിതിവിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഫീൽഡ് തലത്തിൽ നടത്തിയ സ്ഥിതിവിവര ശേഖരണത്തിന്റെ ഭാഗമായി ജനസംഖ്യാ കണക്ക്, സാമ്പത്തീക സ്ഥിതി, ക്ലേശസാഹചര്യങ്ങൾ, സാമൂഹ്യ സാമ്പത്തീക പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ നഷ്ടം, സാമൂഹ്യ ചുറ്റുപാടുകൾ എന്നിങ്ങനെ നിരവധി അവശ്യവിവരങ്ങളാണ് ആഘാതബാധിതരായ വ്യക്തികളിൽനിന്നും, കുടുംബങ്ങളിൽ നിന്നും ശേഖരിച്ച് വിശകലനം നടത്തിയത്.

### 6.1 ജനസംഖ്യ വിവരങ്ങൾ

### 6.2 വരുമാനവും, സാമ്പത്തീകാവസ്ഥയും

.

### 6.3 ദുർബല വിഭാഗങ്ങൾ

ആകെയുള്ള ജനസംഖ്യയിൽ പേർ പുരുഷൻമാരും ആയതിൽ പേർ വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. ജനസംഖ്യയിൽ സ്ത്രീകളും ആയതിൽ സ്ത്രീകൾ 60 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളാണ്. കൂടാതെ പേർ 18 വയസ്സിനു താഴെ പ്രായമുള്ള സ്ത്രീകൾ/പെൺകുട്ടികളുമാണ്. പേർ വിഭാര്യനും, പേർ വിധവകളുമാണ്. ഇത്തരം കുടുംബങ്ങളെ നഷ്ടപരിഹാര വിതരണ സമയത്ത് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

### 6.4 ഭൂവിനിയോഗവും ഉപജീവനവും

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 0.4935 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കാലങ്ങളായി ഭൂമി കൈവശം വെച്ച് കൃഷിചെയ്ത് ഉപജീവനം നടത്തുന്നവരാണ് ആഘാത ബാധിതരായവരിൽ ഭൂരിഭാഗം ജനങ്ങളും. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമസ്ഥരുടെ കൃഷികൾ, നിർമ്മിതികൾ, ജീവനോപാധികൾ എന്നിവ നഷ്ടപ്പെടുന്നതാണ്. ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും കൃഷി മറ്റ് അനുബന്ധ തൊഴിലുകൾ എന്നിവ ചെയ്ത് ഉപജീവനം നേടുന്നവരാണ്. കൂടാതെ ഏതാനും പേർ സർക്കാർ സ്ഥാപനങ്ങളിലും, സ്വകാര്യ സ്ഥാപനങ്ങളിലുമായി ജോലി ചെയ്യുന്നവരും, ഏതാനും പേർ പെൻഷൻ മുതലായ സാമൂഹ്യ സുരക്ഷാ മാർഗ്ഗങ്ങളിലൂടെ വരുമാനം കണ്ടെത്തി ജീവിക്കുന്നവരുമാണ്.

## അദ്ധ്യായം – 7

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ

### 7.1 രൂപരേഖയും, സമീപനങ്ങളും

വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ ഉണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്ത് പഠിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും, ആഘാതത്തിന്റെ തോത് കുറക്കുന്നതിനോ, ഇല്ലായ്മ ചെയ്യുന്നതിനോ ആവശ്യമായ സമീപന രീതികൾ കൈക്കൊള്ളുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സഹായകരമായി തീരുന്നു. തീരുമാനമെടുക്കൽ പ്രക്രീയക്ക് സഹായകരമായ വിവരങ്ങളും, വസ്തുതകളും ലഭിക്കുന്നതിനാൽ തീരുമാനമെടുക്കൽ പ്രക്രീയ സുഗമമാവുകയും, ആഘാതത്തിന്റെ തോത് പരമാവധി കുറക്കുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു. നിർദ്ദിഷ്ട പഠനത്തിനായി ചിട്ടപ്പെടുത്തിയ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും, റിപ്പോർട്ട് തയ്യാറാക്കുകയുമാണ് ചെയ്തത്.

### 7.2 പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം

സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായി ശേഖരിച്ച പ്രാഥമീക, ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ വിശകലനങ്ങളുടെ വെളിച്ചത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന ആഘാതങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 7.1 വിവിധ ഘട്ടങ്ങളിലുള്ള ആഘാത വിശകലനം**

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിന് മുമ്പ് | ◆ അലൈൻമെന്റിനനുസൃതമായി ഭൂമി അളന്ന് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കൽ<br>◆ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള നിർമ്മിതികളുടെ വില നിശ്ചയിച്ച് പൊളിച്ച് നീക്കൽ<br>◆ കാർഷിക വിളകളുടെ നഷ്ടം<br>◆ തൊഴിലാളികൾ, പരിസരത്ത് താമസിക്കുന്നവർ, യാത്രക്കാർ, എന്നിവരുടെ അപകട സാധ്യതകളും, സുരക്ഷയും. |

| നമ്പർ | ഘട്ടം | സാമൂഹ്യ പ്രത്യാഘാതം |
|---|---|---|
| 2 | നിർമ്മാണ ഘട്ടം | ◆ നിർമ്മാണ ഘട്ടത്തിലെ തൊഴിൽ ലഭ്യത<br>◆ പുറമേനിന്നുള്ള തൊഴിലാളികൾ വികസന പ്രവർത്തികൾക്കായി വരുന്നതിലൂടെ തദ്ദേശിയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും, മാലിന്യം, പകർച്ചവ്യാധികൾ എന്നീ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നു.<br>◆ നിർമ്മിതികൾ പൊളിക്കുന്ന അവസരത്തിലും, നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോഴും പൊടി മുതലായ മാലിന്യങ്ങൾ ഉണ്ടാകുന്നതും, ശബ്ദമലിനീകരണവും.<br>◆ തൊഴിലാളികളുടെയും, പരിസരത്ത് താമസിക്കുന്നവരുടേയും, സഞ്ചാരികളൂടേയും അപകട സാധ്യതകളും, സുരക്ഷയും.<br>◆ നിർമ്മാണ ഘട്ടത്തിൽ ഗതാഗം തടസ്സപ്പെടുമെന്ന ജനങ്ങളുടെ ആശങ്ക.<br>◆ വൈദ്യുതി കാലുകൾ പുനക്രമീകരിച്ച് സ്ഥാപിക്കുമ്പോൾ ഉണ്ടാകാവുന്ന വൈദ്യുതി തടസ്സങ്ങൾ |
| 3 | പ്രവർത്തന ഘട്ടം | ◆ ട്രെയിനുകൾക്ക് സുഖമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ള മെച്ചപ്പെട്ട ഇരട്ടവരി പാത<br>◆ ചരക്ക് ട്രയിനുകളുടെ സുഗമമായ സഞ്ചാരം.<br>◆ ഭൗതീക സാഹചര്യങ്ങളും, തൊഴിൽ അവസരങ്ങളും മെച്ചപ്പെടുകയും ചെയ്യുന്നു<br>◆ വരുമാന വർദ്ധനവ് ഉണ്ടാവുകയും ആയതിനാൽ ജീവിത നിലവാരം ഉയരുകയും ചെയ്യുന്നു. |

**ആഘാതബാധിതരുടെ തരം**

1) **പ്രാഥമീക ആഘാതബാധിതർ:-** ഭൂഉടമസ്ഥർ, നിർമ്മിതികളുടെ ഉടമസ്ഥർ
2) **ദ്വിതീയ ആഘാതബാധിതർ:-** ആഘാതബാധിതമായ സ്ഥലത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, സ്ഥാപനങ്ങളും, നെയ്ത്ശാലയിൽ തൊഴിൽ ചെയ്യുന്നവർ, കൃഷിഭൂമിയിൽ പാട്ടത്തിന് കൃഷി ചെയ്യുന്നവർ എന്നിവർ ഉൾപ്പെടുന്നു.

## 7.3 വ്യത്യസ്ത സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനവും പരിഹാര നടപടികളും

ഫീൽഡ് തലത്തിൽ നടത്തിയ പ്രാഥമീക സ്ഥിതിവിവര ശേഖരണത്തിന്റേയും, കേന്ദ്രീകൃത സംഘ ചർച്ചകളുടേയും, ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിൽ നിന്നും കണ്ടെത്തിയ സാമൂഹ്യ പ്രത്യാഘാതങ്ങളും അവയെ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്.

**പട്ടിക 7.2  സാമൂഹ്യ പ്രത്യാഘാതങ്ങളും, ലഘൂകരണ മാർഗ്ഗങ്ങളും**

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | ഭൂഉടമസ്ഥരുടെ ഭൂമി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ഇവയെ പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 3 | ഉൽപ്പാദനക്ഷമമായ ആസ്ഥികൾ നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകൾ നഷ്ടപ്പെടുന്നത് | | 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | വൈദ്യുതി കാലുകളെ ബാധിക്കുന്നു | പുനസ്ഥാപനത്തിനുള്ള സഹായം ആവശ്യമായി വരുന്നതാണ് |

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 6 | പൊതുമുതലുകൾ നഷ്ടപ്പെടുന്നത് | ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളും, സാധാരണ വസ്തുവഹകളും നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | സി. എസ്. ഐ. ഡിസ്ട്രിക്ട് അസോസിയേഷൻ മുതുവള്ളൂർകോണം | അർഹമായ നഷ്ടപരിഹാരം നൽകേണ്ടി വരുന്നതാണ് |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |
| 10 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | പ്രത്യക്ഷമായി ബാധിക്കുന്നില്ല | പരിഹാര നടപടികൾ ആവശ്യമായി വരുന്നില്ല |

- നെയ്ത്ശാലയിൽ തൊഴിൽ ചെയ്യുന്നവർ, കൃഷിഭൂമിയിൽ പാട്ടത്തിന് കൃഷി ചെയ്യുന്നവർ എന്നിവരെ പരോക്ഷമായി ബാധിക്കുന്നു.
- പ്രാഥമീക ആഘാതബാധിതരുടെ പ്രധാന ആവശ്യം ഇനിയും കാലതാമസമില്ലാതെ എത്രയും പെട്ടന്ന് നിർദ്ദിഷ്ട അളവിൽ ഭൂമി ഏറ്റെടുത്ത് പര്യാപ്തമായ നഷ്ടപരിഹാര തുക കാലവിളംബം കൂടാതെ നൽകണമെന്നാണ്.

**പട്ടിക 7.3 ഏറ്റെടുക്കേണ്ട ഭൂമിയിലെ വസ്തുവഹകൾ സംബന്ധിച്ച വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്കായി പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂഉടമസ്ഥർക്ക് നഷ്ടമാകാവുന്ന വസ്തുവഹകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ പട്ടിക 4.1, പട്ടിക 5.4 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

### 7.4 പദ്ധതി പ്രസ്താവനയിലെ ലഘൂകരണ നടപടികൾ

പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് പ്രപ്പോസലിൽ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങളോ, മറ്റ് സമാശ്വാസ നടപടികളെയോ സംബന്ധിച്ചുള്ള പ്രസ്താവനകൾ ഉള്ളതായി കാണുന്നില്ല. ഇതെല്ലാം സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

### 7.5 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ, ഒഴിവാക്കൽ നടപടികളും നഷ്ടപരിഹാരവും

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്ന അവസരത്തിൽ ഭൂമി വിട്ടുനൽകുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും മുന്തിയ പരിഗണന നൽകി അതിവേഗം നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടമാകുന്ന വീട്, കെട്ടിടങ്ങൾ, അതിർത്തി മതിൽ, ഗേറ്റ്, മരങ്ങൾ, നെയ്ത്ശാലകൾ, പാട്ടകൃഷി എന്നിവക്കെല്ലാം അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുത്തുകഴിയുമ്പോൾ ഉപയോഗ യോഗ്യമല്ലാതെ ബാക്കിയായി വരുന്ന തുണ്ടുഭൂമികൾകൂടി ഏറ്റെടുത്ത് വിലനൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് അറിയിപ്പുകൾ ലഭിക്കാത്തതിനാലും, നടപടികൾ എപ്പോൾ പൂർത്തിയാകും എന്നറിയാത്തതിനാലും, നടപടിക്രമങ്ങൾ വൈകുന്നതുമൂലവും ആഘാത ബാധിതരായവർ ആശങ്കയിലാണ്. ആയതിനാൽ അർഹമായ നഷ്ടപരിഹാരം നൽകി താമസംവിനാ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

- പരമാവധി വേഗത്തിലും, കാലതാമസം കൂടാതെയും ഏറ്റെടുക്കേണ്ട ഭൂമിയും അവയിലുള്ള കൃഷികളും മുഴുവനായും ഏറ്റെടുക്കുകയും, അർഹമായ നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ആഘാതബാധിതരുമായുള്ള കൂടിക്കാഴ്ചകളിൽ നിന്നും പഠന സംഘാംങ്ങൾക്ക് ബോധ്യപ്പെട്ടത്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ മുതലായ നടക്കുന്ന അവസരത്തിൽ പുറമേനിന്നുള്ള തൊഴിലാളികൾ സ്ഥിരമായി ഈ പ്രദേശത്ത് താമസിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ആരോഗ്യം, മാലിന്യം, ശുചിത്വം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളും, സംഘടനകളും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കൽ, വികസന പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്ന അവസരത്തിൽ പൊതുജനങ്ങളുടേയും, സഞ്ചാരികളുടേയും, തൊഴിലാളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ ബന്ധപ്പെട്ട അധികാരികൾ കൈക്കോളളേണ്ടതാണ്.

- നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന അവസരത്തിൽ സഞ്ചാര തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികാരികൾ പ്രത്യേകമായ ശ്രദ്ധ നൽകേണ്ടതാണെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

- നിർദ്ദിഷ്ട പദ്ധതി പ്രദേശത്തുള്ള വൈദ്യുതി ലൈൻ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടി വരുന്നതും ആയതിനാവശ്യമായ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനർക്രമീകരിക്കേണ്ടതുമാണ്.

**നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും**

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള സാമാന്യ അറിവ് ഇതിനോടകം തന്നെ പൊതുജനത്തിന് പ്രത്യേകിച്ചും ആഘാത ബാധിതരായവർക്ക് ഉണ്ട്. ഇത് പ്രധാനമായും സതേൺ റെയിൽവേ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം, ജനപ്രതിനിധികളുടെ പൊതുജനങ്ങളുമായുള്ള ആശയവിനിമയം എന്നിവയിലൂടെ ലഭിച്ചതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനത്തിന്റെ ഭാഗമായി ടീം അംഗങ്ങൾ ജനങ്ങൾക്ക് ആവശ്യമായ അറിവ് നൽകുകയും അവരുടെ സഹകരണം പരമാവധി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന അവസരത്തിൽ പ്രദേശവാസികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. കൂടാതെ പുറമേനിന്നുള്ള തൊഴിലാളികൾ, പ്രത്യേകിച്ചും അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് മാലിന്യ, ശുചിത്വ, ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും ഇവർ കരുതുന്നു. ഇതിനാവശ്യമായ എല്ലാ മുൻകരുതലുകളും അധികൃതർ കൈക്കൊള്ളണമെന്നാണ് ഇവരുടെ ആവശ്യം.

| പട്ടിക 7.4 പദ്ധതി ഗുണങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | | | |
|---|---|---|---|
| **ഗുണങ്ങൾ** | **അതെ(%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| മെച്ചപ്പെട്ട റെയിൽ പാത | 100 | 0 | 0 |
| റെയിൽവേ വികസനത്തിന് സഹായിക്കുന്നു | 100 | 0 | 0 |
| സമീപത്തെ ഭൂമിവില വർദ്ധിക്കുന്നു | 80 | 0 | 20 |
| ട്രെയിൻ സഞ്ചാര തടസ്സങ്ങൾ കുറക്കുന്നു | 100 | 0 | 0 |
| സാമ്പത്തീക പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നു | 86 | 0 | 14 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ഗുണങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.5 പദ്ധതി ദോഷങ്ങളെ സംബന്ധിച്ച അഭിപ്രായ സർവ്വെ | | | |
|---|---|---|---|
| **ദോഷങ്ങൾ** | **അതെ(%)** | **അല്ല (%)** | **അഭിപ്രായമില്ല (%)** |
| ഭൂമി/കൃഷി നഷ്ടപ്പെടുന്നു | 100 | 0 | 0 |
| ഭൂമിയും നിർമ്മിതികളും നഷ്ടപ്പെടുന്നു | 47 | 53 | 0 |
| പുറമേനിന്നുള്ളവരുടെ കടന്ന് വരവ് | 18 | 51 | 31 |
| പുറമേനിന്നുള്ളവരുമായി തർക്കങ്ങൾ | 11 | 26 | 63 |
| തൊഴിൽ നഷ്ടം | 22 | 37 | 41 |

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഭാഗമായി പദ്ധതി ദോഷങ്ങളെ സംബന്ധിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആഘാതബാധിതരായവരുമായി ചർച്ച നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഉരിത്തിരിഞ്ഞ അഭിപ്രായങ്ങളാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

| പട്ടിക 7.6 പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ഗാർഹീകം-ഉടമസ്ഥൻ | | |
|---|---|---|
| പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| തത്തുല്യമോ കൂടുതൽ ഫലഭൂയിഷ്ഠമോ ആയ ഭൂമിയും, ആഘാത ബാധിതമായവ പുനർനിർമ്മിക്കാനുള്ള സാമ്പത്തീകവും | 0 | 0 |
| പുനസ്ഥാപനമൂല്യത്തിനനുസൃതമായ നഷ്ടപരിഹാരതുക | 333 | 100 |
| പുനസ്ഥാപനത്തിനുള്ള സാമ്പത്തീക സഹായം | 37 | 100 |

പട്ടിക 7.5 പ്രകാരം ഗാർഹീക ഉടമസ്ഥരുടെ പുനരധിവാസ/പുനസ്ഥാപന മുൻഗണനകൾ ആണ് പ്രതിപാദിച്ചിരിക്കുന്നത്. 100% ആഘാതബാധിതരും പുനസ്ഥാപന മൂല്യത്തിനനുസൃത മായ നഷ്ടപരിഹാര തുകയും, പുനരധിവാസത്തിനുള്ള സാമ്പത്തീക സഹായം ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## അദ്ധ്യായം – 8

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – സ്ഥാപന ഘടന

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഭൂമിയും വസ്തുവഹകളും ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് 2013 ലെ അവകാശ നിയമം 44 (1) അനുസരിച്ച് നിയമിക്കപ്പെടുന്നവരുടെ ഉത്തരവാദിത്വമാണ്.

### 8.1 സ്ഥാപന ഘടനയും, ഉദ്യോഗസ്ഥരും

അഘാത ബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, തൊഴിലാളികൾക്കുമുള്ള പുനരധിവാസ, പുനസ്ഥാപന പ്രവർത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണെമെന്നാണ് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇത്തരത്തിൽ നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും, പുനരധിവാസ, പുനസ്ഥാപന കമ്മീഷണറുടേയും മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾ അനുസരിച്ചും  പുനരധിവാസ, പുനസ്ഥാപന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണെന്നും, ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിനും, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ 23 സെപ്റ്റംബർ 2015 ലെ ഉത്തരവ് (എം.എസ്) നമ്പർ 485/2015/ആർ.ഡി പ്രകാരം ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഭരണ വിഭാഗം സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സംസ്ഥാന തല കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനസ്ഥാപനം), ലാന്റ് അക്വിസിഷൻ ഓഫീസർ, ഫൈനാൻസ് ഒഫീസർ, അർഥനാധികാരി, പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരുൾപ്പെടുന്ന സമിതിയാണ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 43 (1) പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ 11-11-2015 തിയ്യതിയിലെ GO (P) M No. 590/2015/RD ഉത്തരവുപ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടർമാരെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ച് ചുമതല ഏൽപ്പിച്ചിരിക്കുന്നു.

2015 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 43 (1) അനുസരിച്ചും, കേരള

സർക്കാരിന്റെ 04-12-2015 തിയ്യതിയിലെ GO (P) M No. 649/2015/RD ഉത്തരവുപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ.എ), സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എന്നിവരെ ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ, അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ ജില്ലാതലത്തിൽ നിർവ്വഹിക്കുവാൻ നിയമിച്ചിരിക്കുന്നു.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും, അനുയോജ്യമായ പുനരധിവാസ, പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതിനാവശ്യമായ തീരുമാനങ്ങൾ അന്തിമമായി സ്വീകരിക്കേണ്ട ഉത്തരവാദിത്വം ജില്ലാതല സമിതിയിൽ നിക്ഷിപ്തമാണ്.

## അദ്ധ്യായം – 9

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം – ബജറ്റ്

### 9.1 പുനരധിവാസത്തിന്റേയും, പുനസ്ഥാപനത്തിന്റേയും ചെലവ്

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന സമിതിയാണ് ഇവ നിശ്ചയിക്കുന്നത്.

### 9.2 വാർഷിക ബജറ്റും, കർമ്മ പദ്ധതികളും

ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂഉടമസ്ഥർക്കുള്ള ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം മുതലായവക്കുള്ള തുക വകയിരുത്തി നൽകുന്ന ചുമതലകൾ സമുചിത സർക്കാരാണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവർത്തികൾക്കായുള്ള ബജറ്റും, കർമ്മ പദ്ധതികളും ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിൽ അർഥനാധികാരിയുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്നതാണ്.

### 9.3 സാമ്പത്തീക സ്രോതസ്സുകളും, ചെലവിനങ്ങളും

ലഭ്യമല്ല

## അദ്ധ്യായം – 10

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും

### ആമുഖം

വികസന പ്രക്രീയയുടെ ആസൂത്രണം മുതൽ വിലയിരുത്തൽ വരെയുള്ള വിവിധ ഘട്ടങ്ങളിലെ ഇടപെടലുകൾ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും, ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും സഹായകമാണ്. ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ലഘൂകരണ നടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്രകാരം ചെയ്യുന്നത്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ പ്രക്രീയയും, അതിന്റെ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുന്നതിനും, പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാന, ജില്ലാ തലങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്.

### 10.1 സംസ്ഥാന തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 44 (1) പ്രകാരം പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമായുള്ള കമ്മീഷണറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കേരള സർക്കാരിന്റെ 11-04-2015 തിയ്യതിയിലെ GO (P) M No. 589/2015/RD ഉത്തരവുപ്രകാരം ഭൂനികുതി കമ്മീഷണറെ ബന്ധപ്പെട്ട ചുമതലയിൽ നിയമിച്ചു. സംസ്ഥാനതലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും, ആയതിന്റെ സമയബദ്ധിതമായ നടത്തിപ്പ് ഉറപ്പാക്കുകയും, പുനരധിവാസത്തിനുശേഷം ബന്ധപ്പെട്ട പ്രാദേശീക ഗവൺമെന്റുകളുമായി പര്യാലോചിച്ച് സോഷ്യൽ ആഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം കമ്മീഷണറിൽ നിക്ഷിപ്തമാണ്.

### 10.2 ജില്ലാ തലം

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ 43 (1) പ്രകാരം നിയമിതനായ ഉദ്യോഗസ്ഥനാണ് ജില്ലാതലത്തിൽ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ, പുനസ്ഥാപന പദ്ധതികളുടെ രൂപീകരണത്തിന്റേയും, നിരീക്ഷണത്തിന്റേയും ചുമതല നിർവ്വഹിക്കുന്നത്. കേരള സർക്കാരിന്റെ 11-04-2015 തിയ്യതിയിലെ GO (P) M No. 590/2015/RD ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.എ) മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയമിച്ചു. കൂടാതെ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസ, പുനസ്ഥാപന പദ്ധതികൾക്ക് അന്തിമരൂപം നൽകി നടപ്പിലാക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാതല നഷ്ടപരിഹാര, പുനരധിവാസ സമിതിയേയും, സംസ്ഥാനതല ശാക്തീകരണ സമിതിയേയും അധികാരപ്പെടുത്തി.

ആഘാതബാധിതരായ വ്യക്തികൾക്കും, കുടുംബങ്ങൾക്കും 2013 ലെ നിയമത്തിനനുസൃതമായി ന്യായമായ നഷ്ടപരിഹാരവും, പുനരധിവാസ, പുനസ്ഥാപന നടപടികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. ജില്ലാ സമിതികളുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ, നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക എന്നുള്ളത് സംസ്ഥാന സമിതിയുടെ ഉത്തരവാദിത്വമാണ്.

## അദ്ധ്യായം – 11

## ചെലവുകളേയും, പ്രയോജനങ്ങളേയും സംബന്ധിച്ച വിശകലനവും, ശുപാർശകളും

**ആമുഖം**

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള **'പൊതു ആവശ്യം'** എന്ന ശീർഷകത്തിൽ വരുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൂടുതലായി ഭൂമിയും, വസ്തുവഹകളും കൈവശം വെച്ചും, ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമീക ആഘാത ബാധിതരും, ഭൂമിയുടേയും, നിർമ്മിതികളുടേയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളും, ഇവിടെ തൊഴിൽ ചെയ്യുന്നവരും ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അഘാതബാധിതരായി മാറുന്നു എന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളിലും, അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതം പരമാവധി കുറക്കാവുന്നതാണ്.

### 11.1 അന്തിമ വിശകലനം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളിലെ വ്യത്യസ്ത ബ്ലോക്കുകളിൽ ഉൾപ്പെടുന്നതും, നെയ്യാറ്റിൻകര അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന നെയ്യാറ്റിൻകര നഗരസഭ, കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിലെ 4 തദ്ദേശഭരണ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്താണ് നിർദ്ദിഷ്ട പദ്ധതി ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

നിർദ്ദിഷ്ട ആർ.ഒ.ബി. നമ്പർ 47 നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 ഉൾപ്പെടുന്ന വ്യത്യസ്ത സർവ്വേ നമ്പറുകളിലായി ഏകദേശം 0.0122 ഹെക്ടർ ഭൂമിയും, ആർ.ഒ.ബി. നമ്പർ 72 നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ 16, 19B, 51, 54 എന്നിവയിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 0.4813 ഹെക്ടർ ഭൂമിയും ചേർന്ന് ആകെ 0.4935 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്.

സതേൺ റെയിൽവേയുടെ ഭാഗമായുള്ള തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ പാതയുടെ വികസനത്തിനും, നിലവിലെ ഒറ്റവരി പാതയിലൂടെയുള്ള ഗതാഗത തടസ്സം ഒഴിവാക്കി ഇരട്ടവരി പാത നിർമ്മിക്കുന്നതിലൂടെ തീവണ്ടി ഗതാഗതം സുഗമമാക്കുന്നതിനും വേണ്ടിയാണ് നിർദ്ദിഷ്ട പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലൂടെ തീവണ്ടി ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

മേൽ പ്രസ്താവിച്ച ലക്ഷ്യത്തോടൊപ്പം സംസ്ഥാനത്തേയും, രാജ്യത്തിന്റേയും അടിസ്ഥാന സൗകര്യ വികസനത്തിനും, സാമൂഹ്യ സാമ്പത്തീക വികസനത്തിനും നിർദ്ദിഷ്ട വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇവയെല്ലാം സാക്ഷാൽക്കരിക്കുന്നതിന് നിർദ്ദിഷ്ട വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്.

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാതബാധിതരാകുന്ന വ്യക്തികളേയും, കുടുംബങ്ങളേയും സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങളാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്:

<table>
<tr><th colspan="6">പട്ടിക 11.1 പദ്ധതി ആഘാത കുടുംബങ്ങളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ</th></tr>
<tr><th colspan="6">ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ)</th></tr>
<tr><td colspan="5">4(1) വിജ്ഞാപന പ്രകാരം ഏറ്റെടുക്കേണ്ട ഭൂമി (ഹെക്ടർ)</td><td>0.4935</td></tr>
<tr><td colspan="5">സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി (ഹെക്ടർ)</td><td>0.4935</td></tr>
<tr><td colspan="5">ആകെ (ഹെക്ടർ)</td><td>0.4935</td></tr>
<tr><td colspan="6">വസ്തുവഹകളിലുള്ള പ്രത്യാഘാതം</td></tr>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>എണ്ണം</th><th>ക്രമ നമ്പർ</th><th>ഇനം</th><th>എണ്ണം</th></tr>
<tr><td>1</td><td></td><td></td><td>11</td><td></td><td></td></tr>
<tr><td>2</td><td></td><td></td><td>12</td><td></td><td></td></tr>
<tr><td>3</td><td></td><td></td><td>13</td><td></td><td></td></tr>
<tr><td>4</td><td></td><td></td><td>14</td><td></td><td></td></tr>
<tr><td>5</td><td></td><td></td><td>15</td><td></td><td></td></tr>
<tr><td>6</td><td></td><td></td><td>16</td><td></td><td></td></tr>
<tr><td>7</td><td></td><td></td><td>17</td><td></td><td></td></tr>
<tr><td>8</td><td></td><td></td><td>18</td><td></td><td></td></tr>
<tr><td>9</td><td></td><td></td><td>19</td><td></td><td></td></tr>
<tr><td>10</td><td></td><td></td><td>20</td><td></td><td></td></tr>
<tr><td></td><td>ആകെ</td><td></td><td></td><td>ആകെ</td><td></td></tr>
<tr><td colspan="5">ആകെ</td><td></td></tr>
</table>

കുറിപ്പ്: വിവരദാതാക്കൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രസ്താവിച്ച നിഗമനങ്ങളിൽ എത്തിച്ചേർന്നത്. ആവശ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

തിരുവനന്തപുരം–കന്യാകുമാരി റെയിൽവേ വികസനത്തിന്റെ ഭാഗമായി നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നതാണ്. ഇത്തരത്തിൽ നഷ്ടപരിഹാരം നൽകി നിർദ്ദിഷ്ട ഭൂമി എതിർപ്പുകളോ, തടസ്സങ്ങളോ ഇല്ലാതെ ഏറ്റെടുക്കാൻ സാധിക്കുന്നതാണ്.

## 11.2 ആഘാതബാധിതതരുടെ പ്രധാന നിർദ്ദേശങ്ങൾ

ആഘാതബാധിതരായ ഭൂഉടമസ്ഥർ നൽകിയ നിർദ്ദേശങ്ങൾ താഴെപറയുന്ന രീതിയിൽ സംഗ്രഹിക്കാവുന്നതാണ്:

1) **ഭൂമി ഏറ്റെടുക്കൽ:–** പൈതൃകമായും, വിലക്ക് വാങ്ങിയും കാലങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്ന സ്വത്ത്വകകളാണ് നിർദ്ദിഷ്ട പദ്ധതിക്കായി വിട്ട് നൽകേണ്ടി വരുന്നത്. ആയതിനാൽ വിട്ടുനൽകുന്ന ഭൂമിക്ക് അർഹമായ നഷ്ടപരിഹാരം ഏറ്റെടുക്കുന്ന അവസരത്തിൽ താമസംവിനാ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ തുണ്ടുവൽക്കരിക്കപ്പെടുന്നതും, ഉപയോഗയോഗ്യമല്ലാതായി തീരുന്നതും, ബഫർസോണിൽ ഉൾപ്പെടാൻ ഇടയുള്ളതുമായ ഭൂമികൂടി പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്ന് നിരവധി ഭൂഉടമസ്ഥർ ആവശ്യപ്പെടുന്നു.

2) **നിർമ്മിതികളുടെ നഷ്ടം:** ഏറ്റെടുക്കേണ്ട ഭൂമിയിൽ പട്ടിക 11.1 പ്രകാരമുള്ള വസ്തുവഹകൾ ഉൾപ്പെടുന്നതിനാൽ ഇവക്കെല്ലാം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള അർഹമായ നഷ്ടപരിഹാരം അനുവദിച്ച് നൽകേണ്ടതാണ്. കൂടാതെ അവശേഷിക്കുന്ന നിർമ്മിതികൾ പുനർനിർമ്മിക്കുന്ന സാഹചര്യത്തിൽ കെട്ടിട നിർമ്മാണ നിയമങ്ങൾ, ബഫർസോൺ എന്നീ വിഷയങ്ങളിൽ വ്യക്തത വരുത്തി ആവശ്യമായ ഇളവ് അനുവദിച്ച് നൽകണമെന്നും ആഘാതബാധിതർ ആവശ്യപ്പെടുന്നു.

3) **ഉപജീവന നഷ്ടം:–** ഏറ്റെടുക്കേണ്ട ഭൂമി പ്രധാനമായും കാർഷികവൃത്തിക്കായി ഉപയോഗിക്കുന്നവയാണ്. ആഘാതബാധിതരിൽ തൊഴിൽ, വരുമാനം എന്നിവ നഷ്ടമാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം.

4) **കാർഷിക വിളകളുടെ നഷ്ടം:–** നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയിലുള്ള പട്ടിക 5.4 ൽ സൂചിപ്പിച്ചിരിക്കുന്ന വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട വൃക്ഷങ്ങൾക്കും അർഹമായ നഷ്ടപരിഹാരം ഭൂമിവിലയോടൊപ്പം കണക്കാക്കി നൽകേണ്ടതാണ്.

5) **ഭൂരേഖകളുടെ ക്രമപ്പെടുത്തൽ:–** ഏതാനും ഭൂഉടമസ്ഥർ തങ്ങളുടെ ഭൂരേഖകൾ സമയബന്ധിതമായി പുതുക്കിയിട്ടില്ലാത്തവരാണ്. കുടുംബത്തിലെ മരണപ്പെട്ടവരുടേയും മറ്റും പേരിലുള്ള ഭൂരേഖകൾ അവകാശികളുടെ പേരിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള അവസരവും, സാവകാശവും നൽകണമെന്ന് ആവശ്യപ്പെടുന്നു.

## 11.3 ശുപാർശകൾ

തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ വികസനത്തിൽ ഉൾപ്പെടുന്ന നേമം–നെയ്യാറ്റിൻകര റെയിൽവേ ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ഗുണ–ദോഷ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ നിലവിലെ റെയിൽ പാതയോട് ചേർന്ന് പദ്ധതിക്ക് ഏറ്റവും അനുയോജ്യമായതും, കുറഞ്ഞ അളവിലുള്ള ഭൂമിയുമാണ് സ്വകാര്യ ഉടമസ്ഥരിൽനിന്നും ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും

വിലയിരുത്തുന്നു. ആഘാത ബാധിതർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ അപേക്ഷിച്ച് പദ്ധതി യാഥാർഥ്യമാകുന്നതിലൂടെ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവെ പാതയിലെ ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിലാക്കുന്നതിനും, ട്രെയിനുകൾക്ക് തടസ്സമില്ലാതെ സുഗമമായി സഞ്ചരിക്കുന്നതിനും, സംസ്ഥാനത്തേയും, രാജ്യത്തിന്റേയും അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം സാമൂഹ്യ സാമ്പത്തീക വികസനവും സാധ്യമാകുമെന്നാണ് വിലയിരുത്തുന്നത്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി വിട്ടുനൽകേണ്ട ഭൂഉടമസ്ഥർ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഈ വികസന പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കിയാൽ ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവർ ആയതിനാലും, റെയിൽവേ വികസനത്തിന് ഈ പദ്ധതി ആവശ്യമായതിനാലും, ആഘാത ബാധിതർ നൽകിയ മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് ഭൂമിയും, കൃഷിയും, വീടും, നിർമ്മിതികളും നഷ്ടമാകുന്ന ഭൂഉടമസ്ഥർക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ പ്രതിപാദിക്കുന്ന നഷ്ടപരിഹാരം നൽകി ഭൂവസ്തുക്കൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്.

✪ --------------------------- ✪

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## തിരുവനന്തപുരം–കന്യാകുമാരി റെയിൽ പാത വികസനം

### നേമം–നെയ്യാറ്റിൻകര ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണം

# അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 സെപ്റ്റംബർ 13<br>13th September 2022<br>1198 ചിങ്ങം 28<br>28th Chingam 1198<br>1944 ഭാദ്രം 22<br>22nd Bhadra 1944 | നമ്പർ<br>No. | 3082 |


ഫാറം – 4
ചട്ടം 11(3) കാണുക
**വിജ്ഞാപനം**

നമ്പർ. കെ14- 360166/21 2022 സെപ്തംബർ 13

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേയ്ക്കായി അതായത് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ നേമം നെയ്യാറ്റിൻകര ആർ.ഒ.ബി/ ആർ.യു.ബി/ എഫ്.ഒ.ബി എന്നിവയുടെ നിർമ്മാണത്തിനായി അവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ആക്ട് 2013 ലെ (2013 ലെ 30–ാം കേന്ദ്ര ആക്ട്) 4–ാം വകുപ്പിന്റെ (1)–ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്..

ആയതിനാൽ ടി ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ പ്ലാനറ്റ് കേരള, റ്റി.സി8/1378(8), വലിയവിള, തിരുമല.പി.ഒ, തിരുവനന്തപുരം(ഫോൺ നം.0471–2368188, ഇ–മെയിൽ 2001 Planet@gmail.com website: www.planetkerala.org) യ്ക്കു അനുമതി നൽകിയിരിക്കുന്നു. ടി പ്രവൃത്തി 45 ദിവസത്തെ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

**പട്ടിക**

*ജില്ല* — തിരുവനന്തപുരം *താലൂക്ക്* — നെയ്യാറ്റിൻകര

| Shedule for Nemom - Neyyattinkara ROB Sec. 4(1) Notification | | | | | |
|---|---|---|---|---|---|
| **SL. No.** | **Village** | **Re - Survey Field Numbers** | **Block** | **Panchayath/ Muncipality** | **Extent (Hectares)** |
| 1 | Pallichal | 347, 394, 395 ( ROB - 47) | 5 | Panchayath | 0.0122 |
| 2 | Neyyattinkara (NMC) | 16, 19B, 51,54 (ROB -72) | NMC | **NMC** | 0.4813 |
| | | | | **Total** | **0.4935 Ha** |

(ഒപ്പ്)

ജില്ലാകളക്ടർ
തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ധേശിച്ച് കൊണ്ടുള്ളതാണ്.

നെയ്യാറ്റിൻകര താലൂക്കിൽ നേമം - നെയ്യാറ്റിൻകര ROB/ RUB/FOB എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം 0.4935 ഹെകടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും, തിരുവനന്തപുരം ജില്ലയിലെ പഠന യൂണിറ്റായ പ്ളാനറ്റ് കേരള എന്ന സ്ഥാപനത്തിന് അനുമതി നൽകിയിരിക്കുന്നു. ആയതിലേയ്ക്ക് ചട്ടം 11(3) പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.09.13 08:34:12 +05:30

**നോട്ടീസ്**

**ഫോറം – 5 ചട്ടം 14 (1)**

നമ്പർ 145/SIA/PH/2022 തിയ്യതി 14-11-2022

തിരുവനന്തപുരം ജില്ല, പള്ളിച്ചൽ, നെയ്യാറ്റിൻകര എന്നീ വില്ലേജുകളുടെ പരിധിയിൽ വരുന്ന നിങ്ങളുടെ ഭൂമി/കെട്ടിടം ഒരു പൊതു ആവശ്യത്തിന് അതായത് റെയിൽവേ വികസനത്തിനായി നേമം-നെയ്യാറ്റിൻകര ROB/RUB/FOB എന്നിവയുടെ നിർമ്മാണത്തിനായി ഏകദേശം 0.4935 ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കാണുന്നതും, ആയതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (കേന്ദ്ര നിയമം 30/2013) വകുപ്പ് 4 ൽ 1 ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 13-09-2022 ന് 3082 നമ്പറായി കേരള സംസ്ഥാന അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനത്തിൻറെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നിങ്ങളുടെ ഭൂമി/കെട്ടിടത്തിൽ അവകാശമുള്ള എല്ലാ ആളുകളും **2022 നവംബർ മാസം 29 തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 3 മണിക്ക് നെയ്യാറ്റിൻകര നഗരസഭ ടൗൺഹാളിൽ** വെച്ച് കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുന്ന പബ്ലിക് ഹിയറിംഗിൽ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കരട് റിപ്പോർട്ട് www.planetkerala.org ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് പബ്ലിക് ഹിയറിംഗിൽ പങ്കെടുക്കേണ്ട ഭൂഉടമസ്ഥരുടെ സർവ്വേ നമ്പർ:

| | |
|---|---|
| 1 | **പള്ളിച്ചൽ വില്ലേജ് ബ്ലോക്ക് നമ്പർ 5 സർവ്വേ നമ്പർ 347, 394, 395 (ROB 47)** |
| 2 | **നെയ്യാറ്റിൻകര വില്ലേജ് ബ്ലോക്ക് NMC നമ്പർ 16, 19B, 51, 54 (ROB 72)** |

**ചെയർമാൻ, സാമൂഹ്യ പ്രത്യാഘാത നിർണ്ണയ യൂണിറ്റ്പ്ലാനറ്റ് കേരള,**
**തിരുമല. പി.ഒ. തിരുവനന്തപുരം 695006 (ഹെൽപ് ലൈൻ 8281122010)**

തിരുവനന്തപുരം–കന്യാകുമാരി റെയിൽവെ പാത വികസനം

നേമം–നെയ്യാറ്റിൻകര ആർ.ഒ.ബി/ആർ.യു.ബി/എഫ്.ഒ.ബി നിർമ്മാണം

ജില്ല:തിരുവനന്തപുരം താലൂക്ക്: നെയ്യാറ്റിൻകര

ആഘാതബാധിതരായ കുടുംബ ങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സർവ്വെ നമ്പർ | സബ് ഡിവിഷൻ | തണ്ടപ്പേർ നമ്പർ | പേര് | ഫോൺ നമ്പർ | വില്ലേജ് | ബ്ലോക്ക് | പ്രവർത്തി |
|---|---|---|---|---|---|---|---|---|
| 1 | 395 | 13-2 | 27873 | ശ്രീകുമാരി<br>മുതുവല്ലൂർകോണം, പള്ളിച്ചൽ | 8943725662 | പള്ളിച്ചൽ | 5 | ROB 47 |
| 2 | 395 | 16 | | ടാർ റോഡ്<br>പള്ളിച്ചൽ | | പള്ളിച്ചൽ | 5 | ROB 47 |
| 3 | 394 | 11 | | ടാർ റോഡ്<br>പള്ളിച്ചൽ | | പള്ളിച്ചൽ | 5 | ROB 47 |
| 4 | 347 | 4-1 | 39439 | ഗിരിജകുമാരി<br>മുതുവല്ലൂർക്കോണം, പള്ളിച്ചൽ | 7594818294 | പള്ളിച്ചൽ | 5 | ROB 47 |
| 1 | 20-1 | | 9926 | ഷാജി. എ<br>മേടയിൽ വീട്, നെയ്യാറ്റിൻകര | 9447461409 | നെയ്യാറ്റിൻകര | 16 | ROB 72 |
| 2 | 21 | | 8299 | ദിവാകരൻനാടാർ<br>അശ്വതി<br>മരുത്തൂർദേശം | | നെയ്യാറ്റിൻകര | 16 | ROB 72 |
| 3 | 22-2 | | 20589 | അഭിഷേക്<br>സോപാനം, നെയ്യാറ്റിൻകര | 8939959779 | നെയ്യാറ്റിൻകര | 16 | ROB 72 |
| 4 | 22-1 | | 14953 | അർച്ചന ഗോപാൽ<br>സോപാനം, നെയ്യാറ്റിൻകര | 9074150557 | നെയ്യാറ്റിൻകര | 16 | ROB 72 |
| 5 | 23-2 | | 20559 | സ്വാതി. എസ്. എ<br>കടയാറ പുത്തൻവീട്, നെയ്യാറ്റിൻകര | 9446313865 | നെയ്യാറ്റിൻകര | 16 | ROB 72 |
| 6 | 26 | | | | | നെയ്യാറ്റിൻകര | 16 | ROB 72 |
| 7 | 63 | | | ഹിമ ജെ<br>നെയ്യാറ്റിൻകര | | നെയ്യാറ്റിൻകര | 16 | ROB 72 |
| 8 | 33 | | | റോഡ് | | നെയ്യാറ്റിൻകര | 16 | ROB 72 |
| 9 | 6 | | 5774 | വിൻസൻറ് ലോപ്പസ്<br>തിരുഹൃദയ മന്ദിരം<br>വഴുതൂർ | | നെയ്യാറ്റിൻകര | 54 | ROB 72 |
| 10 | 61 | | 12822 | പ്രഭാകുമാരി<br>ലക്ഷ്മി മന്ദിരം, നെയ്യാറ്റിൻകര | 9447245235 | നെയ്യാറ്റിൻകര | 19B | ROB 72 |
| 11 | 61-1 | | 17842 | ഷിനോജ് കുമാർ എസ്.പി<br>നെയ്യാറ്റിൻകര | 9447245235 | നെയ്യാറ്റിൻകര | 19B | ROB 72 |
| 12 | 62 | | 8333 | സുരേഷ്<br>ഏറത്ത് വീട്, മരുതൂർ, നെയ്യാറ്റിൻകര | | നെയ്യാറ്റിൻകര | 19B | ROB 72 |
| 13 | 62-1 | | 19211 | ഷിജിൽ<br>സ്നേഹാ എഡിസൺ | 995767070 | നെയ്യാറ്റിൻകര | 19B | ROB 72 |
| 14 | 62-2 | | 11246 | ജാസ്ലെറ്റ്<br>ലില്ലി വിലാസം, നെയ്യാറ്റിൻകര | 9446219587 | നെയ്യാറ്റിൻകര | 19B | ROB 72 |
| 15 | 62-4 | | 15284 | ജോജി<br>ലില്ലി ഭവൻ, നെയ്യാറ്റിൻകര | 9495903726 | നെയ്യാറ്റിൻകര | 19B | ROB 72 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | 205 | | | റോഡ് | | നെയ്യാറ്റിൻകര | 19B | ROB 72 |
| 17 | 37 | | 10544 | ജോജി<br>ലില്ലി ഭവൻ, നെയ്യാറ്റിൻകര | 9495903726 | നെയ്യാറ്റിൻകര | 51 | ROB 72 |
| 18 | 37-1 | | 19998 | സ്നേഹ എഡിസൺ<br>എസ്. എൻ. നിവാസ്, നെല്ലിക്കാട് | 9995767070 | | 51 | ROB 72 |
| 19 | 38<br>38-1 | | 12362<br>13200 | 1) ഹലീമ<br>2) താജ്മ<br>താജ്മ മൻസിൽ, നെയ്യാറ്റിൻകര | 9746708633 | നെയ്യാറ്റിൻകര | 51 | ROB 72 |
| 20 | 39 | | 5511 | ബഞ്ചമിൻനാടാർ<br>ചരലുവിള വീട്<br>വഴുതൂർ | | നെയ്യാറ്റിൻകര | 51 | ROB 72 |
| 21 | 40-2 | | 14323 | അജി കൃഷ്ണൻ<br>നെയ്യാറ്റിൻകര | 9847111006 | നെയ്യാറ്റിൻകര | 51 | ROB 72 |
| 22 | 132 | | | | | നെയ്യാറ്റിൻകര | 51 | ROB 72 |
| 23 | 130 | | 5595 | വിൻസെൻറ്<br>സ്തുതി, നെയ്യാറ്റിൻകര | 9447461499 | നെയ്യാറ്റിൻകര | 51 | ROB 72 |
| 24 | 153 | | | | | നെയ്യാറ്റിൻകര | 51 | ROB 72 |
| 25 | 97 | | 5563 | പി. ലീല<br>പ്രശാന്ത് ഭവൻ, നെയ്യാറ്റിൻകര | 9633862948 | നെയ്യാറ്റിൻകര | 51 | ROB 72 |
| 26 | 142 | | | | | നെയ്യാറ്റിൻകര | 51 | ROB 72 |